VOL NO: 06 I ISSUE 27
www.nerpatham.com
mail@nerpatham.com
2022 JULY 02 I ₹10

# നേർപഥം
വാരിക




## ആദർശ പ്രഖ്യാപനത്തിന്റെ ഹജ്ജും ബലിപെരുന്നാളും

ലോകത്തെ ഏറ്റവും വലിയ ആത്മീയ സംഗമവും മാനവിക ഐക്യത്തിന്റെ മഹിതമായ ഉദ്ഘോഷവുമാണ് ഹജ്ജ്. കഴിവും പ്രാപ്തിയുമുള്ള ഓരോ വിശ്വാസിയും ജീവിതത്തിൽ ഒരിക്കലെങ്കിലും നിർവഹിക്കേണ്ട നിർബന്ധ ബാധ്യതകളിൽപെട്ട കർമമാണത്. പഞ്ചസ്തംഭങ്ങളിലൊന്നായി നിശ്ചയിച്ച ഹജ്ജിനെ സമഗ്രവും സംക്ഷിപ്തവുമായി പരിചയപ്പെടുത്തുന്നു.

# വിശുദ്ധ ഹജ്ജ്: തൗഹീദിന്റെ വിളംബരം

|| വിദ്യാർഥിത്വം അക്രമമല്ല; ക്രിയാത്മകമാണ്
|| ശിയാക്കളുടെ വ്യാജവാദങ്ങളും കുരുക്കിലകപ്പെട്ട സമസ്തയും
|| ഇബ്‌റാഹീം നബി(عليه السلام): ജീവിതവും സന്ദേശവും വിശുദ്ധ ക്വുർആനിൽ

# പുറത്തിറങ്ങി...




WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0284
# നേർപഥം
വാരിക

2022 ജൂലായ് 2
1443 ദുൽഹിജ്ജ 2
പുസ്തകം 06 / ലക്കം 27






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






05
മുഖമൊഴി
ആദർശ പ്രഖ്യാപനത്തിന്റെ
ഹജ്ജും ബലിപെരുന്നാളും

06
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

18
ലേഖനം
ഇബ്റാഹീം നബി(അ):
ജീവിതവും സന്ദേശവും
വിശുദ്ധ ക്വുർആനിൽ
സലീം പടല

22
ലേഖനം
ശിയാക്കളുടെ വ്യാജവാദങ്ങളും
കുരുക്കിലകപ്പെട്ട സമസ്തയും
മൂസ സ്വലാഹി, കാര

26
ചരിത്രപഥം
വിടവാങ്ങൽ ഹജ്ജ്
ഹുസൈൻ സലഫി

32
ലേഖനം
വിദ്യാർഥിത്വം
അക്രമമല്ല;
ക്രിയാത്മകമാണ്
നബീൽ പയ്യോളി

34
നിയമപഥം
നമ്മുടെ രാജ്യത്തെ
കോടതികൾ:
സുപ്രീംകോടതി
അബൂഅയ്മൻ

# അപശബ്ദങ്ങൾകൊണ്ട് പ്രവാചകന്റെ പ്രഭ തകരില്ല: നാസിർ മുതൈരി

കുവൈത്ത് സിറ്റി: കാരുണ്യത്തിന്റെയും മാനവികതയുടെയും മഹനീയ മാതൃകയായിരുന്നു മുഹമ്മദ് നബിയെന്നും അപശബ്ദങ്ങൾ അദ്ദേഹത്തിന്റെ പ്രഭക്ക് ഒരു കോട്ടവും വരുത്തുന്നില്ലെന്നും കുവൈത്ത് ഔക്വാഫ് അണ്ടർ സെക്രട്ടറി മുഹമ്മദ് നാസിർ അൽ മുതൈരി പറഞ്ഞു.

കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ സംഘടിപ്പിക്കുന്ന 'മുഹമ്മദ് നബി: മാനവരിൽ മഹോന്നതൻ' കാമ്പയിൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അജ്ഞതയും അവിവേകവുമാണ് വിദ്വേഷ പ്രചാരകരുടെ ആയുധം. വൈജ്ഞാനികമായ ഇടപെടലുകളാണ് ഏറ്റവും വലിയ പ്രതിരോധമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹ്രസ്വ സന്ദർശനാർഥം കുവൈത്തിലെത്തിയ യുവ പ്രഭാഷകൻ മുനവ്വർ സ്വലാഹി മുഖ്യപ്രഭാഷണം നിർവഹിച്ചു. 'പ്രവാചകനിന്ദ ചർച്ച ചെയ്യപ്പെടുമ്പോൾ' എന്ന വിഷയത്തിൽ കെ.സി മുഹമ്മദ് നജീബ് സംസാരിച്ചു. കെ.കെ.ഐ.സി ആക്ടിങ് പ്രസിഡന്റ് സക്കീർ കൊയിലാണ്ടിയുടെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ കെ.കെ.ഐ.സി ജനറൽ സെക്രട്ടറി സുനാശ് ശുക്കൂർ സ്വാഗതവും കെ.കെ.ഐ.സി ദഅ്‌വ സെക്രട്ടറി മഹബൂബ് കാപ്പാട് നന്ദിയും പറഞ്ഞു.

# കർമപഥത്തിലേക്ക് തിരിച്ചറിവിന്റെ തേര് തെളിയിച്ച് വിസ്ഡം യൂത്ത് ജില്ലാ യുവജനസമ്മേളനങ്ങൾക്ക് പ്രോജ്വല തുടക്കം

യുവാക്കളെ തിരിച്ചറിവിലൂടെ കർമപഥങ്ങളിലേക്ക് ആനയിച്ച് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ ജില്ലാ സമ്മേളനങ്ങൾക്ക് തുടക്കമായി. കണ്ണൂർ, കാസർകോട് ജില്ലകളാണ് വിചാര വിപ്ലവം തീർത്ത മഹാസംഗമങ്ങൾക്ക് സാക്ഷിയായത്. ജില്ല, മണ്ഡലം, ശാഖ യൂത്ത് എംപവർ മീറ്റുകളിൽ നിന്ന് ദിശാബോധത്തോടെ യുവജനങ്ങളെ നയിക്കാനുള്ള നേതൃപാടവം ആർജിച്ചെടുത്ത ഭാരവാഹികളുടെ ചിട്ടയാർന്ന പ്രവർത്തനങ്ങൾക്ക് പ്രായോഗിക ഇടമായിരുന്നു സമ്മേളനങ്ങളുടെ പ്രീ പോസ്റ്റ് പ്രോഗ്രാമുകൾ. ആദർശത്തിന്റ തെളിച്ചവും പ്രബോധന മുന്നേറ്റങ്ങളുടെ ആവേശവും സമ്മേളന പ്രതിനിധികളിൽ പ്രകടമായിരുന്നു. കൊറോണാനന്തരം യുവാക്കളുടെ മസ്തിഷ്കത്തിന് ബാധിച്ച സമൂഹമാധ്യമ ജ്വരയും സമ്പാദ്യങ്ങളിൽ മിച്ചം വെക്കാതെയുള്ള ഉപഭോഗത്വരയും ആലസ്യമാക്കിയ കർമബോധത്തെ തട്ടിയുണർത്താനും, ഫാഷിസത്തിന്റ കരാളഹസ്തങ്ങളിൽ അരക്ഷിതബോധം തളർത്തിയ മുസ്‌ലിം യുവതയിൽ വൈകാരികത ആളിക്കത്തിച്ച് മുതലെടുക്കാൻ ശ്രമിക്കുന്നവരുടെ വികലവാദങ്ങളെ ഇസ്‌ലാമിക പ്രമാണങ്ങളുടെ പ്രകാശത്തിലൂടെ നിഷ്പ്രഭമാക്കാനും, വൈജ്ഞാനികവും ബൗദ്ധികവുമായ പ്രതിരോധത്തിലൂടെ പ്രതിസന്ധികളെ അതിജയിക്കാനും, അതിരുകളില്ലാത്ത സ്വതന്ത്രവാദം വിതയ്ക്കുന്ന വിനാശകരമായ മനുഷ്യത്വരഹിത ദർശനങ്ങളുടെ നിരർഥകത ബോധ്യപ്പെടാനും, ലൈംഗിക വൈകൃത വികാരങ്ങളിൽ യുവതയെ തളച്ചിട്ട് നിഷ്ക്രിയമാക്കാനുള്ള ഒളിയജണ്ടകൾ തിരിച്ചറിയാനും, ലഹരി ഉപയോഗത്തിന്റ ദൂഷ്യഫലങ്ങളും അതിന്റ ഇഹപര ദുരന്തങ്ങളും ബോധ്യപ്പെടാനും, വിശുദ്ധ ക്വുർആൻ ഉൽഘോഷിക്കുന്ന ആശയങ്ങളുടെ അനശ്വരതയും മാനവികതയും പ്രായോഗികതയും തിരിച്ചറിയാനും, ഏകദൈവാരാധനയുടെ മഹത്ത്വവും പ്രാധാന്യവും മനസ്സിലാക്കാനും സാധിക്കും വിധമുള്ള പഠന സെഷനുകൾകൊണ്ട് ധന്യമായിരുന്നു സമ്മേളനം. പ്രഭാഷണങ്ങൾക്കിടയിൽ നടന്ന ക്യാമ്പംഗങ്ങളുടെ ചില ആക്റ്റിവിറ്റികൾ പോലും അറിവ് നുകരാനുള്ള അവസരങ്ങളായിരുന്നു. പുതിയ കാലത്തെ മാറ്റങ്ങളെ കാതോർത്ത് നൂതന പദ്ധതികളാവിഷ്കരിച്ച് പ്രവർത്തനങ്ങൾക്ക് വേഗം പകരാൻ ഉറച്ച കാൽവയ്പുകളോടെ കർമപഥത്തിലേക്ക് അവരിറങ്ങി.

# ആദർശ പ്രഖ്യാപനത്തിന്റെ ഹജ്ജും ബലിപെരുന്നാളും

ഇബ്‌റാഹീം നബി(അ)യെയും പുത്രൻ ഇസ്മാഈൽ നബി(അ)യെയും ഓർക്കാതെ പരിശുദ്ധ ഹജ്ജ് കർമം ചെയ്യുവാനും ബലിപെരുന്നാൾ ആഘോഷിക്കുവാനും സാധ്യമല്ല. കാരണം ആ മഹാപ്രവാചകന്മാരുടെ ത്യാഗനിർഭരമായ ആദർശജീവിതത്തിന്റെ സ്മരണ പുതുക്കുക കൂടിയാണ് ഹജ്ജിലൂടെയും ബലിപെരുന്നാൾ ആഘോഷത്തിലൂടെയും മുസ്‌ലിംകൾ ചെയ്യുന്നത്.

പൂർണമായ സമർപ്പണത്തിന്റെയും നിരുപാധികമായ കീഴ്‌വണക്കത്തിന്റെയും കാര്യത്തിൽ ഇബ്‌റാഹീം നബി(അ)യുടെ മാതൃക അതുല്യമാണ്. നേർമാർഗത്തിന്റെ പര്യായപദമായിട്ടാണ് ഇബ്‌റാഹീം നബി(അ)യുടെ മാർഗത്തെ ക്വുർആൻ വിശേഷിപ്പിക്കുന്നത്. അദ്ദേഹത്തിലെ സവിശേഷതകൾ അല്ലാഹു എടുത്തുപറയുന്നത് കാണുക:

"തീർച്ചയായും ഇബ്‌റാഹീം അല്ലാഹുവിന് കീഴ്‌പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു. ഇഹലോകത്ത് അദ്ദേഹത്തിന് നാം നന്മ നൽകുകയും ചെയ്തിരിക്കുന്നു. പരലോകത്താകട്ടെ തീർച്ചയായും അദ്ദേഹം സദ്‌വൃത്തരുടെ കൂട്ടത്തിലായിരിക്കും..." (ക്വുർആൻ 16:120-123).

രക്തബന്ധത്തെക്കാൾ ആദർശബന്ധത്തിന് പ്രാധാന്യം കൽപിച്ചുകൊണ്ടാണ് ഇബ്‌റാഹീം നബി (അ) ജീവിച്ചത്. ഏകദൈവവിശ്വാസത്തിലും ധാർമികതയിലും കണിശമായ ദൈവസ്മരണയിലും അധിഷ്ഠിതമായ ആദർശമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടിയിരുന്നത്. തൗഹീദിന്റെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ചക്ക് അദ്ദേഹം ഒരുക്കമായിരുന്നില്ല. സ്വന്തം കുടുംബത്തിലും പിതൃ-പുത്ര ബന്ധത്തിലും അദ്ദേഹം പിന്തുടർന്നത് തൗഹീദിന് മുൻതൂക്കം നൽകുന്ന നിലപാടായിരുന്നു. അല്ലാഹു പറയുന്നു:

"പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക്. നേർമാർഗത്തിൽ നിലകൊണ്ട ഇബ്‌റാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല..." (ക്വുർആൻ 6:161-164).

ഏകദൈവവിശ്വാസത്തിൽ കണിശമായ പ്രതിബദ്ധത പുലർത്തിയതിന്റെ പേരിൽ ഇബ്‌റാഹീം നബി(അ)ക്ക് തന്റെ പിതാവിനെതിരിൽ നിൽക്കേണ്ടിവന്നു എന്നത് ചരിത്രമാണ്. ബഹുദൈവാരാധകനായിരുന്ന പിതാവിനോട് ആദർശത്തിന്റെ കാര്യത്തിൽ തെല്ലും വിട്ടുവീഴ്ച കാണിക്കുവാൻ ഇബ്‌റാഹീം നബി(അ) ഒരുക്കമായിരുന്നില്ല. ഇക്കാര്യത്തിലേക്ക് സൂചന നൽകിക്കൊണ്ട് ക്വുർആൻ പറയുന്നത് കാണുക:

"ഇബ്‌റാഹീം അദ്ദേഹത്തിന്റെ പിതാവിനുവേണ്ടി പാപമോചനം തേടിയത് അദ്ദേഹം പിതാവിനോട് അങ്ങനെ വാഗ്ദാനം ചെയ്തതുകൊണ്ട് മാത്രമായിരുന്നു. എന്നാൽ അയാൾ (പിതാവ്) അല്ലാഹുവിന്റെ ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായപ്പോൾ അദ്ദേഹം അയാളെ (പിതാവിനെ) വിട്ടൊഴിഞ്ഞു" (ക്വുർആൻ 9:114).


പ്രവാചകന്മാർ മനുഷ്യരാശിയുടെ മാർഗദർശികളായിത്തീരുന്നത് അവർ തൗഹീദ് ആദർശമായി അംഗീകരിക്കുകയും ധാർമിക ജീവിതം നയിക്കുകയും നന്മ പ്രവർത്തിച്ചുകൊണ്ട് സ്രഷ്ടാവിന്റെ പ്രീതി കരസ്ഥമാക്കുകയും ചെയ്തതുകൊണ്ടാണ്. ഇബ്‌റാഹീം നബിയുടെ മാർഗത്തിൽ നിലകൊള്ളുന്നവർ എന്ന് അഭിമാനിക്കുന്നവർ ചെയ്യേണ്ടത് അദ്ദേഹത്തിന്റെ ആദർശപാത പിന്തുടർന്ന് ജീവിക്കലാണ്.

എല്ലാവർക്കും ബലിപെരുന്നാൾ ആശംസകൾ.



നമ്മുടെ അടിസ്ഥാന രോഗം നമ്മുടെ പാപങ്ങളാണ്. ഈ പാപങ്ങൾ കാരണം ശാരീരികമായും മാനസികമായും നമുക്ക് പല പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് നാം മരുന്ന് കഴിച്ചാൽ തൽക്കാലം ശമനം ലഭിക്കുമെങ്കിലും അടിസ്ഥാനപരമായി പരിഹാരം ഉണ്ടാകുന്നതല്ല. യഥാർഥ രോഗം ഉള്ളിൽതന്നെ കിടക്കുന്നതും മറ്റുരീതിയിൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതുമാണ്. ആകയാൽ അവയുടെയെല്ലാം അടിസ്ഥാന പ്രശ്നമായ പാപങ്ങളെ നാം മനസ്സിലാക്കുക. അതിന്റെ പരിഹാരത്തിനുള്ള ഏക മരുന്ന് പാപമോചനം തേടിക്കൊണ്ട് അല്ലാഹുവിലേക്ക് മടങ്ങലാണ്.

# രോഗവും മരുന്നും 10




ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്

**പാഠം 21**

***പാപങ്ങളുടെ ദുഷ്ഫലങ്ങൾ***

**40. സച്ചരിതനായ തന്റെ ആത്മസുഹൃത്തിനെ നഷ്ടപ്പെടുത്തും**

സ്വന്തം പാപങ്ങൾ നല്ലവനായ തന്റെ ആത്മാർഥ സുഹൃത്തിനെ നഷ്ടപ്പെടുത്തും. അയാൾ ഒപ്പമുണ്ടായിരുന്നത് തനിക്ക് ഏറെ സമാധാനം നൽകുന്ന കാര്യമായിരന്നു. അത് തനിക്കുവേണ്ടി അല്ലാഹു പ്രത്യേകം ചുമതലപ്പെടുത്തിയ മലക്കാകുന്നു. ആ സുഹൃത്തിന്റെ അഭാവം പിശാചിനെ തന്നോടടുക്കാൻ സഹായകമാകുന്നു. ഏറ്റവുമധികം തന്നെ വഞ്ചിക്കുന്ന ആ ശത്രു; ഏറ്റവുമധികം തനിക്ക് ഉപദ്രവകാരിയും. ഇതിനെക്കാൾ മോശമായ രോഗാവസ്ഥ വേറെയില്ല. നമുക്ക് സൽകർമങ്ങൾ ചെയ്യുവാൻ യാതൊരു പ്രേരണയും ലഭിക്കില്ല എന്നു മാത്രമല്ല, പാപകർമങ്ങളിൽ ഏർപ്പെടുവാനുള്ള പ്രേരണ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും!

മെമ്പാടും അത് വ്യാപിക്കപ്പെടുന്നു. മുൻകാല ജനതകളെ അല്ലാഹു എങ്ങനെയാണ് നശിപ്പിച്ചതെന്ന് നാം കണ്ടുവല്ലോ. തൗറാത്ത് അവതരിച്ച ശേഷം, അതുപോലെ ജനതയെ ഉന്മൂലനം ചെയ്യുന്ന നാശം നാം വിളിച്ചുവരുത്തരുത്. കൊടുങ്കാറ്റ്, പേമാരി, കൃഷിനാശം, സുനാമി, ഭൂമികുലുക്കം, പകർച്ചവ്യാധി തുടങ്ങിയവ വെറും താക്കീതുകൾ മാത്രമാണ്. നാം പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങേണ്ട സമയം അതിക്രമിച്ച് കഴിഞ്ഞു.

"മനുഷ്യകരങ്ങളുടെ പ്രവർത്തനഫലമായി കരയിലും കടലിലും കുഴപ്പം പ്രകടമായിരിക്കുന്നു. അവർ ചെയ്തുകൂട്ടിയതിൽ ചിലതിന്റെയെങ്കിലും ഫലം ഇവിടെ വെച്ചുതന്നെ ആസ്വദിപ്പിക്കാനാണത്. അവർ ഒരുവേള നന്മയിലേക്ക് മടങ്ങിയെങ്കിലോ!" (അർറൂം 41).

എന്നാൽ നാം ഓരോരുത്തരും അല്ലാഹുവിലേക്ക് മടങ്ങുകയും പാപമോചനം തേടുകയും ചെയ്താൽ അതിന്റെ ഗുണം നമുക്ക് വ്യക്തിപരമായി മാത്രമല്ല, ഭൂമിയിലൊട്ടാകെ പ്രതിഫലിക്കുന്നതാണ്.

"നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. എങ്കിൽ നിർണിതമായ ഒരു അവധിവരെ അവൻ നിങ്ങൾക്ക് നല്ല സൗഖ്യമനുഭവിപ്പിക്കുകയും ഉദാരമനസ്ഥിതിയുള്ള എല്ലാവർക്കും തങ്ങളുടെ ഉദാരതയ്ക്കുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. നിങ്ങൾ തിരിഞ്ഞുകളയുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തിലെ ശിക്ഷ നിങ്ങളുടെമേൽ ഞാൻ നിശ്ചയമായും ഭയപ്പെടുന്നു" (ഹൂദ് 3).

"എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. എന്നിട്ട് അവങ്കലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് സമൃദ്ധമായി മഴ അയച്ചുതരികയും നിങ്ങളുടെ ശക്തിയിലേക്ക് അവൻ കൂടുതൽ ശക്തി ചേർത്തുതരികയും ചെയ്യുന്നതാണ്. നിങ്ങൾ കുറ്റവാളികളായി ക്കൊണ്ട് പിന്തിരിഞ്ഞുപോകരുത്" (ഹൂദ് 52).

ജനങ്ങൾ തങ്ങളുടെ പ്രശ്നങ്ങൾക്ക് ഹേതുവായി കണക്കാക്കുന്നത് ലോകത്ത് നടക്കുന്ന അഴിമതിയെയും പ്രകൃതി ദുരന്തങ്ങളെയുമാണ്. എന്നാൽ നാട്ടിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നത്, നമ്മുടെതന്നെ കാരണങ്ങൾ കൊണ്ടാണ്. സ്വന്തം പാപങ്ങളിൽ അടിയുറച്ച് നിൽക്കുന്നതിനാലാണ്. അതിനാൽതന്നെ നന്മ പ്രോത്സാഹിപ്പിക്കലും തിന്മ വിരോധിക്കലും നാം ഓരോരുത്തരുടെയും കടമയാകുന്നു.

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു" (ആലുഇംറാൻ 110).

**സ്വന്തം പാപങ്ങൾ നല്ലവനായ തന്റെ ആത്മാർഥ സുഹൃത്തിനെ നഷ്ടപ്പെടുത്തും. അയാൾ ഒപ്പമുണ്ടായിരുന്നത് തനിക്ക് ഏറെ സമാധാനം നൽകുന്ന കാര്യമായിരുന്നു. അത് തനിക്കുവേണ്ടി അല്ലാഹു പ്രത്യേകം ചുമതലപ്പെടുത്തിയ മലക്കാകുന്നു. ആ സുഹൃത്തിന്റെ അഭാവം പിശാചിനെ തന്നോടടുക്കാൻ സഹായകമാകുന്നു. ഏറ്റവുമധികം തന്നെ വഞ്ചിക്കുന്ന ആ ശത്രു; ഏറ്റവുമധികം തനിക്ക് ഉപദ്രവകാരിയും. ഇതിനെക്കാൾ മോശമായ രോഗാവസ്ഥ വേറെയില്ല. നമുക്ക് സൽകർമങ്ങൾ ചെയ്യുവാൻ യാതൊരു പ്രേരണയും ലഭിക്കില്ല എന്നുമാത്രമല്ല, പാപകർമങ്ങളിൽ ഏർപ്പെടുവാനുള്ള പ്രേരണ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും!**

### 41. നമ്മുടെ പാപങ്ങളും അനുസരണക്കേടുകളും ഭൂമിയിൽ ഉണ്ടാക്കുന്ന കുഴപ്പം

നമ്മുടെ പാപങ്ങൾ വ്യക്തിഗത തലത്തിൽ മാത്രമല്ല സ്വാധീനിക്കപ്പെടുന്നത്. നാം ഓരോരുത്തരുടെയും പാപങ്ങൾ സാമൂഹികതലത്തിലും വൻതോതിൽ സ്വാധീനം ചെലുത്തുന്നുണ്ട്. നമുക്ക് ചുറ്റുമുള്ള ജലത്തിലും വായുവിലും സസ്യങ്ങളിലും കായ്കനികളിലും വീടുകളിലും പൊതുജന സ്ഥാപനങ്ങളിലും എന്നുവേണ്ട ലോക

ഭൂമിയിലെ ഈ കുഴപ്പങ്ങൾ നമ്മുടെ ചില പാപങ്ങളുടെ ഫലം മാത്രമാണ്. നമ്മുടെ എല്ലാ പാപങ്ങൾക്കും അല്ലാഹു ശിക്ഷയേകിയിരുന്നെങ്കിൽ ഭൂമിയിൽ ഒരു ജന്തുപോലും ബാക്കിയുണ്ടാകുമായിരുന്നില്ല.

"ജനത്തെ അവരുടെ അക്രമത്തിന്റെ പേരിൽ അല്ലാഹു പെട്ടെന്ന് പിടികൂടുകയാണെങ്കിൽ ഭൂമിയിലെ ഒരു ജീവിയെയും അവൻ വിട്ടേക്കുമായിരുന്നില്ല. എന്നാൽ നിശ്ചിത അവധിവരെ അവർക്ക് അവസരം അനുവദിക്കുകയാണ്. അങ്ങനെ അവരുടെ കാലാവധി വന്നെത്തിയാൽ പിന്നെ ഒരു നിമിഷം പോലും അവർക്കത് വൈകിക്കാനാവില്ല. നേരത്തെയാക്കാനും സാധ്യമല്ല" (അന്നഹ്ൽ 61).

നബി(സ്വ) സമൂദ് ഗോത്രത്തിന്റെ വാസസ്ഥലങ്ങളിലൂടെ സഞ്ചരിക്കുകയുണ്ടായി. അപ്പോൾ, കരഞ്ഞുകൊണ്ടല്ലാതെ അവിടെ പ്രവേശിക്കരുതെന്നും അവിടുത്തെ ജലം കുടിക്കരുതെന്നും കൽപിച്ചു. അവരുടെ പാപത്തിന്റെ സ്വാധീനം ആ ജലത്തിൽപോലും ഉണ്ടാകും എന്നതാണ് കാരണം.

ഇബ്നു ഉമർ(റ) നിവേദനം: "നബി(സ്വ)യും കൂട്ടരും തബൂക്ക് യുദ്ധവേളയിൽ അൽഹിജ്ർ എന്ന പ്രദേശത്തെത്തി. തന്റെ അനുയായികളോട് അവിടുത്തെ ജലം കുടിക്കരുതെന്നും ശേഖരിക്കരുതെന്നും കൽപിച്ചു. അവർ അതുകൊണ്ട് റൊട്ടിക്കുള്ള മാവ് കുഴച്ച് പോയിരുന്നു. അവരുടെ തോൽസഞ്ചികളിൽ ജലവും ശേഖരിച്ചിരുന്നു. അത് ഉപേക്ഷിക്കുവാൻ പ്രവാചകൻ അവരോട് കൽപിച്ചു" (ബുഖാരി 3378).

നമ്മളോട് ആരെങ്കിലും അപമര്യാദയായി പെരുമാറിയാൽ, വാഹനം പണിമുടക്കിയാൽ, മക്കൾ അനുസരണക്കേട് കാണിച്ചാൽ അതെല്ലാം നമ്മുടെ പാപങ്ങൾ കാരണമായിട്ടാണ്. അങ്ങനെയൊരു തോന്നൽ മനസ്സിലുണ്ടായാൽ അല്ലാഹുവിലേക്ക് തിരിയുക. കാര്യങ്ങൾ തൽക്കാലം നേരെയാകലാകരുത് നമ്മുടെ ഉദ്ദേശ്യം; ആ പാപങ്ങൾ ആവർത്തിക്കാതിരിക്കാൻ കൂടിയാകണം. അത് നമ്മെ രക്ഷപ്പെടുത്തുന്നത് ദുൻയാവിൽ മാത്രമല്ല, പരലോകത്ത് കൂടിയാണ്. രക്ഷ മാത്രമല്ല, അവിടെ നാം ഉന്നത ശ്രേണിയിലുള്ളവരായി മാനിക്കപ്പെടുകയും ചെയ്യും.



**ജനങ്ങൾ തങ്ങളുടെ പ്രശ്നങ്ങൾക്ക് ഹേതുവായി കണക്കാക്കുന്നത് ലോകത്ത് നടക്കുന്ന അഴിമതിയെയും പ്രകൃതി ദുരന്തങ്ങളെയുമാണ്. എന്നാൽ നാട്ടിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നത്, നമ്മുടെതന്നെ കാരണങ്ങൾ കൊണ്ടാണ്. സ്വന്തം പാപങ്ങളിൽ അടിയുറച്ച് നിൽക്കുന്നതിനാലാണ്. അതിനാൽതന്നെ നന്മ പ്രോത്സാഹിപ്പിക്കലും തിന്മ വിരോധിക്കലും നാം ഓരോരുത്തരുടെയും കടമയാകുന്നു.**

നമ്മുടെ കുറവുകളാണ് യഥാർഥത്തിൽ നമ്മുടെ രോഗം. ശാരീരിക അസ്വാസ്ഥ്യങ്ങൾ അതിന്റെ ലക്ഷണങ്ങൾ മാത്രമാണ്. മരുന്ന് കഴിച്ചാൽ തൽക്കാലം രോഗലക്ഷണങ്ങൾ ശമിച്ചേക്കാം. പക്ഷേ, യഥാർഥ രോഗം ഉള്ളിൽതന്നെ കിടപ്പുണ്ടാകും. അതിനെ നമുക്ക് തിരിച്ചറിയുവാൻ കഴിയണം. അത് തിരിച്ചറിയാനുള്ള ചില സൂചകങ്ങൾ മാത്രമാണ് അല്ലാഹു നമുക്ക് തരുന്ന വലുതും ചെറുതുമായ പ്രശ്നങ്ങൾ. അതിന് അല്ലാഹു നിർദേശിക്കുന്ന മരുന്ന് ഒന്ന് മാത്രമേയുള്ളൂ; തൗബയും ഇസ്തിഗ്ഫാറും (ഖേദിച്ച് മടങ്ങി പാപമോചനം തേടുക).

## പാഠം 22

## പാപങ്ങളുടെ സാമൂഹിക നാശം

പാപങ്ങളിലൂടെ പാപികൾക്ക് വ്യക്തിപരമായി സംഭവിക്കുന്ന വിവിധ നാശനഷ്ടങ്ങളെക്കുറിച്ചാണ് കഴിഞ്ഞ പാഠങ്ങളിൽ പറയപ്പെട്ടത്. എന്നാൽ പാപങ്ങളുടെ നാശം വ്യക്തികളിൽ മാത്രം പരിമിതമല്ലെന്നും സമൂഹത്തിലും വസ്തുവകകളിലും നാശനഷ്ടങ്ങൾ ഉണ്ടാക്കുമെന്നും പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. പാപങ്ങൾ കാരണം മുൻകാല സമൂഹങ്ങളെ പടച്ചവൻ നശിപ്പിച്ച കാര്യം ആദ്യം വിവരിച്ചുകഴിഞ്ഞു. എന്നാൽ നബി(സ്വ)ക്ക് ശേഷം പൊതുവായിട്ടുള്ള ശിക്ഷ പടച്ചവൻ ഇറക്കിയിട്ടില്ല.

അത്തരം നാശങ്ങൾ പാപങ്ങളിലൂടെ വിളിച്ചുവരുത്താതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

പരിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു: "വലിയ ശിക്ഷയ്ക്ക് മുമ്പ് ഇഹലോകത്ത് ചെറിയ ശിക്ഷയും നാം അവരെ രുചിപ്പിക്കുന്നതാണ്, അവർ (തിന്മയിൽ നിന്നും) മടങ്ങുന്നവരായേക്കാം" (സജദ 21).

പരിശുദ്ധ ക്വുർആനിൽ വേറെയും ധാരാളം സ്ഥലങ്ങളിൽ പാപങ്ങൾ കാരണം സാമൂഹികമായിട്ടുണ്ടാകുന്ന ശിക്ഷകളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കൂടാതെ, ഇന്ന് നമ്മളിൽ പ്രകടമായ പല പാപങ്ങളുടെയും, നാം നഷ്ടപ്പെടുത്തിയ നന്മകളുടെയും പേരിലും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന പലവിധ നാശനഷ്ടങ്ങളും ഉണ്ടാകുമെന്നും ഹദീസുകളിലും മുന്നറിയിപ്പ് വന്നിട്ടുണ്ട്.

പാപങ്ങളിൽനിന്നും പശ്ചാത്തപിക്കുകയും ഉത്തമ ജീവിതം നയിക്കുകയും ചെയ്താൽ നമുക്ക് വ്യക്തിപരമായി സുഖസന്തോഷങ്ങൾ ലഭിക്കുന്നതിനോടൊപ്പം അതിന്റെ ഗുണഫലങ്ങൾ വീട്ടിലും

**നമ്മളോട് ആരെങ്കിലും അപമര്യാദയായി പെരുമാറിയാൽ, വാഹനം പണിമുടക്കിയാൽ, മക്കൾ അനുസരണക്കേട് കാണിച്ചാൽ അതെല്ലാം നമ്മുടെ പാപങ്ങൾ കാരണമായിട്ടാണ്. അങ്ങനെയൊരു തോന്നൽ മനസ്സിലുണ്ടായാൽ അല്ലാഹുവിലേക്ക് തിരിയുക. കാര്യങ്ങൾ തൽക്കാലം നേരെയാകലാകരുത് നമ്മുടെ ഉദ്ദേശ്യം; ആ പാപങ്ങൾ ആവർത്തിക്കാതിരിക്കാൻ കൂടിയാകണം. അത് നമ്മെ രക്ഷപ്പെത്തുന്നത് ദുൻയാവിൽ മാത്രമല്ല, പരലോകത്ത് കൂടിയാണ്. രക്ഷ മാത്രമല്ല, അവിടെ നാം ഉന്നത ശ്രേണിയിലുള്ളവരായി മാനിക്കപ്പെടുകയും ചെയ്യും.**



നാട്ടിലും മാത്രമല്ല, ലോകം മുഴുവൻ സംഭവിക്കുന്നതാണ്. സൂറതുൽ ഹൂദിലെ 3, 52 സൂക്തങ്ങൾ നേരത്തെ ഉദ്ധരിച്ചത് കാണുക.

ഇന്ന് ലോകത്ത് നടക്കുന്ന പ്രശ്നങ്ങൾക്ക് പൊതുവിൽ നാം ഓരോരുത്തരും മറ്റുള്ളവരെയാണ് കുറ്റക്കാരായി കാണുന്നത്. അവർ കാരണമായാലും കാരണമായില്ലെങ്കിലും നമുക്കുണ്ടാകുന്ന നാശനഷ്ടങ്ങളുടെ അടിസ്ഥാന കാരണം നമ്മുടെ പാപങ്ങളാണ് എന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഇത് മനസ്സിലാക്കി നാം പാപത്തിൽനിന്നും പശ്ചാത്തപിച്ച് മടങ്ങാതെ മറ്റുള്ളവരെ മാത്രം കുറ്റം പറയുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല.

സ്വയം പശ്ചാത്തപിച്ച് മടങ്ങുന്നതിനോടൊപ്പം, മറ്റുള്ളവരെ കുറ്റം പറഞ്ഞുകൊണ്ടിരിക്കാതെ അവരിൽ നന്മ ഉപദേശിക്കാനും തിന്മ തടയാനും കഴിവിന്റെ പരമാവധി നാം പരിശ്രമിക്കേണ്ടതാണ്. നമ്മുടെ നിയോഗലക്ഷ്യം തന്നെ നന്മ ഉപദേശിക്കലും തിന്മ തടയലുമാണ്. അല്ലാഹു അറിയിക്കുന്നു:

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു"'(ആലുഇംറാൻ 110).

ചുരുക്കത്തിൽ, നമ്മുടെ അടിസ്ഥാന രോഗം നമ്മുടെ പാപങ്ങളാണ്. ഈ പാപങ്ങൾ കാരണം ശാരീരികമായും മാനസികമായും നമുക്ക് പല പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് നാം മരുന്ന് കഴിച്ചാൽ തൽക്കാലം ശമനം ലഭിക്കുമെങ്കിലും അടിസ്ഥാനപരമായി പരിഹാരം ഉണ്ടാകുന്നതല്ല. യഥാർഥ രോഗം ഉള്ളിൽതന്നെ കിടക്കുന്നതും മറ്റുരീതിയിൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതുമാണ്. ആകയാൽ അവയുടെയെല്ലാം അടിസ്ഥാന പ്രശ്നമായ പാപങ്ങളെ നാം മനസ്സിലാക്കുക. അതിന്റെ പരിഹാരത്തിനുള്ള ഏക മരുന്ന് പാപമോചനം തേടിക്കൊണ്ട് അല്ലാഹുവിലേക്ക് മടങ്ങലാണ്.

*(അവസാനിച്ചില്ല)*

# വിശുദ്ധ ഹജ്ജ്: തൗഹീദിന്റെ വിളംബരം

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157


എല്ലാ പ്രവാചകന്മാരും പ്രബോധിതസമൂഹത്തോട് പ്രഥമവും പ്രധാനവുമായി വിളംബരം ചെയ്തത് ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദ് (ഏകദൈവാരധന) ആണ്. മനുഷ്യപ്രകൃതിക്ക് അനുയോജ്യമായി സ്രഷ്ടാവ് നൽകിയ ഇസ്‌ലാം നിലനിൽക്കുന്നതുതന്നെ ഈ തൗഹീദിലാണ്. തൗഹീദ് ശരിയാംവണ്ണം മനസ്സിലാക്കി അംഗീകരിച്ച്, അതിനനുസരിച്ച് ജീവിക്കുന്നവരുടെ കർമങ്ങൾ മാത്രമെ പാരത്രിക ലോകത്ത് സ്വീകാര്യമാവുകയുള്ളൂ. തൗഹീദിൽ മായംകലർന്നവരുടെ കർമങ്ങൾ അസ്വീകാര്യമാണ്. അല്ലാഹു പറയുന്നത് കാണുക:

"അവർ പ്രവർത്തിച്ച കർമങ്ങളുടെനേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും" (അൽഫുർക്വാൻ 23).

"അവിശ്വസിച്ചവരാകട്ടെ, അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചികപോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായിത്തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ" (അന്നൂർ 39).

ശിർക്ക് ചെയ്യുന്നവന്റെ കർമങ്ങൾ അസ്വീകാര്യമാണെന്നും അവന്റെ പാപങ്ങളൊന്നും പൊറുക്കപ്പെടില്ലെന്നും ക്വുർആൻ കൃത്യമായി പഠിപ്പിക്കുന്നത് കാണുക:

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്" (അന്നിസാഅ് 48).



**ലോകത്തെ ഏറ്റവും വലിയ ആത്മീയ സംഗമവും മാനവിക ഐക്യത്തിന്‍റെ മഹിതമായ ഉദ്ഘോഷവുമാണ് ഹജ്ജ്. കഴിവും പ്രാപ്തിയുമുള്ള ഓരോ വിശ്വാസിയും ജീവിതത്തിൽ ഒരിക്കലെങ്കിലും നിർവഹിക്കേണ്ട നിർബന്ധ ബാധ്യതകളിൽ പെട്ട കർമമാണത്. പഞ്ചസ്തംഭങ്ങളിലൊന്നായി നിശ്ചയിച്ച ഹജ്ജിനെ സമഗ്രവും സംക്ഷിപ്തവുമായി പരിചയപ്പെടുത്തുന്നു.**



വലിയ ശിർക്ക് ചെയ്തശേഷം പശ്ചാത്തപിച്ച് മടങ്ങാതെ മുശ്‌രിക്കായി മരണപ്പെടുന്നവന് സ്വർഗം നിഷിദ്ധമാണെന്നും നരകം ശാശ്വതമാണെന്നും ക്വുർആൻ പറയുന്നുണ്ട്. ഈസാനബി(അ) തന്റെ ജനതയോട് പറയുന്നതായി അല്ലാഹു പറയുന്നത് കാണുക:

"ഇസ്‌റാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരുംതന്നെയില്ല" (അൽമാഇദ 72).

ശിർക്ക് ചെയ്തവന്റെ കർമങ്ങൾ പൊളിഞ്ഞുപോകുമെന്നും അവ സ്വീകരിക്കപ്പെടുകയില്ലെന്നും ക്വുർആൻ പറയുന്നത് കാണുക:

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (അസ്സുമർ 65).

"തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽനിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അതുതന്നെയാണ് വിദൂരമായ മാർഗഭ്രംശം" (ഇബ്‌റാഹീം 18).

തൗഹീദിന്റെ മഹത്ത്വവും പ്രാധാന്യവും, ശിർക്കിന്റെ ഗൗരവവും അപകടവും മുകളിൽ കൊടുത്തആയത്തുകളിൽനിന്ന് നാം മനസ്സിലാക്കുകയുണ്ടായി. ഇസ്‌ലാമിന്റെ വിശ്വാസകാര്യങ്ങളിലും കർമകാര്യങ്ങളിലും പ്രവാചകൻ തന്റെ ജനതയെ ഒന്നാമതായി പഠിപ്പിച്ചത് തൗഹീദ് തന്നെയാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തെത് ഹജ്ജാണ്. ഹജ്ജിന്റെ ഓരോ സന്ദർഭത്തിലും തൗഹീദിന്റെ വിളംബരമാണ് നടക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാം.

**ഹജ്ജിന്റെ അടിത്തറ**

ഹജ്ജിന്റെ അടിത്തറതന്നെ തൗഹീദാണെന്ന് ക്വുർആൻ വ്യക്തമാക്കുന്നത് കാണുക: "ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തികൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു). (നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെപ്പറ്റി വിളംബരം ചെയ്യുക. നടന്നു

**എല്ലാ പ്രവാചകന്മാരും പ്രബോധിത സമൂഹത്തോട് പ്രഥമവും പ്രധാനവുമായി വിളംബരം ചെയ്തത് ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദ് (ഏകദൈവാരധന) ആണ്. മനുഷ്യപ്രകൃതിക്ക് അനുയോജ്യമായി സ്രഷ്ടാവ് നൽകിയ ഇസ്‌ലാം നിലനിൽക്കുന്നതുതന്നെ ഈ തൗഹീദിലാണ്. തൗഹീദ് ശരിയാംവണ്ണം മനസ്സിലാക്കി അംഗീകരിച്ച്, അതിനനുസരിച്ച് ജീവിക്കുന്നവരുടെ കർമങ്ങൾ മാത്രമെ പാരത്രിക ലോകത്ത് സ്വീകാര്യമാവുകയുള്ളൂ. തൗഹീദിൽ മായംകലർന്നവരുടെ കർമങ്ങൾ അസ്വീകാര്യമാണ്. ശിർക്ക് ചെയ്യുന്നവന്റെ കർമങ്ങൾ അസ്വീകാര്യമാണെന്നും അവന്റെ പാപങ്ങളൊന്നും പൊറുക്കപ്പെടില്ലെന്നും ക്വുർആൻ കൃത്യമായി പഠിപ്പിക്കുന്നു.**

കൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും'' (അൽഹജ്ജ് 26,27).

**നിർബന്ധം**

ഇസ്‌ലാം പഠിപ്പിക്കുന്ന നിബന്ധനകളൊത്ത ഓരോ മുസ്‌ലിമിനും ഹജ്ജ് ചെയ്യൽ നിർബന്ധമാണ്.

“മനുഷ്യർ അതിലേക്ക് ഹജ്ജ് തീർഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു'' (അൽഹജ്ജ് 97).

“നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവഹിക്കുക'' (അൽബക്വറ 196).

ഈ സൂക്തങ്ങളിൽനിന്ന് ഹജ്ജ് ലോകരക്ഷിതാവായ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നിർവഹിക്കേണ്ട ആരാധനകർമമാണെന്ന് വളരെ വ്യക്തമാണ്.

ക്വുർആനിൽ ഹജ്ജിന്റെ വിധി പ്രസ്താവിക്കുന്ന സന്ദർഭത്തിൽ അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കേണ്ടതിന്റെയും, അവനെ ഓർക്കേണ്ടതിന്റെയും, അവനെ മാത്രം ആരാധിക്കേണ്ടതിന്റെയും ആവശ്യകത ഊന്നിപ്പറയുന്നുണ്ട്:

“(ഹജ്ജിനിടയിൽ) നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ഭൗതികാനുഗ്രഹങ്ങൾ നിങ്ങൾ തേടുന്നതിൽ കുറ്റമൊന്നുമില്ല. അറഫാത്തിൽനിന്ന് നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞാൽ മശ്അറുൽ ഹറാമിനടുത്തുവെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ. അവൻ നിങ്ങൾക്ക് വഴികാണിച്ച പ്രകാരം നിങ്ങളവനെ ഓർക്കുവിൻ. ഇതിനു മുമ്പ് നിങ്ങൾ പിഴച്ചവരിൽ പെട്ടവരായിരുന്നാലും'' (അൽബക്വറ 198).

“അങ്ങനെ നിങ്ങൾ ഹജ്ജ് കർമം നിർവഹിച്ചുകഴിഞ്ഞാൽ നിങ്ങളുടെ പിതാക്കളെ നിങ്ങൾ പ്രകീർത്തിച്ചിരുന്നത് പോലെയോ അതിനെക്കാൾ ശക്തമായ നിലയിലോ അല്ലാഹുവെ നിങ്ങൾ പ്രകീർത്തിക്കുക. മനുഷ്യരിൽ ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഇഹലോകത്ത് ഞങ്ങൾക്ക് നീ (അനുഗ്രഹം) നൽകേണമേ എന്ന്. എന്നാൽ പരലോകത്ത് അത്തരക്കാർക്ക് ഒരു ഓഹരിയും ഉണ്ടായിരിക്കുന്നതല്ല. മറ്റു ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്ന്. അവർ സമ്പാദിച്ചതിന്റെ ഫലമായി അവർക്ക് വലിയൊരു വിഹിതമുണ്ട്. അല്ലാഹു അതിവേഗത്തിൽ കണക്ക് നോക്കുന്നവനാകുന്നു. എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക. (അവയിൽ) രണ്ടുദിവസംകൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്നപക്ഷം അവന് കുറ്റമില്ല. (ഒരു ദിവസവും കൂടി) താമസിച്ചു പോരുന്നവന്നും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം). നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്ന് മനസ്സിലാക്കുകയും ചെയ്യുക'' (അൽബക്വറ: 200-203).

സൂറത്തുൽ ഹജ്ജിൽ വന്ന ഹജ്ജുമായി ബന്ധപ്പെട്ട ആയത്തുകളിൽ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് വഴിനടത്തുകയും ശിർക്കിനെ പാടെ നിരാകരിക്കണമെന്ന് വ്യക്തമായി പഠിപ്പിക്കുകയും ചെയ്യുന്നത് കാണുക:

“ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു). (നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും'' (അൽഹജ്ജ് 26,27).

ഇതിന് ശേഷം അല്ലാഹു പറയുന്നു: “അത് (നിങ്ങൾ ഗ്രഹിക്കുക) അല്ലാഹു പവിത്രത നൽകിയ വസ്തുക്കളെ വല്ലവനും ബഹുമാനിക്കുന്നപക്ഷം അത് തന്റെ രക്ഷിതാവിന്റെ അടുക്കൽ അവന്ന് ഗുണകരമായിരിക്കും. നിങ്ങൾക്ക് ഓതി കേൾപിക്കപ്പെടുന്നതൊഴിച്ചുള്ള കന്നുകാലികൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ആകയാൽ വിഗ്രഹങ്ങളാകുന്ന

**“അങ്ങനെ നിങ്ങൾ ഹജ്ജ് കർമം നിർവഹിച്ചുകഴിഞ്ഞാൽ നിങ്ങളുടെ പിതാക്കളെ നിങ്ങൾ പ്രകീർത്തിച്ചിരുന്നത് പോലെയോ അതിനെക്കാൾ ശക്തമായ നിലയിലോ അല്ലാഹുവെ നിങ്ങൾ പ്രകീർത്തിക്കുക. മനുഷ്യരിൽ ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഇഹലോകത്ത് ഞങ്ങൾക്ക് നീ (അനുഗ്രഹം) നൽകേണമേ എന്ന്. എന്നാൽ പരലോകത്ത് അത്തരക്കാർക്ക് ഒരു ഓഹരിയും ഉണ്ടായിരിക്കുന്നതല്ല. മറ്റു ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്ന്. അവർ സമ്പാദിച്ചതിന്റെ ഫലമായി അവർക്ക് വലിയൊരു വിഹിതമുണ്ട്. അല്ലാഹു അതിവേഗത്തിൽ കണക്ക് നോക്കുന്നവനാകുന്നു.**

രിജ്സിൽനിന്നും നിങ്ങൾ അകന്നുനിൽക്കുക. വ്യാജവാക്കിൽനിന്നും നിങ്ങൾ അകന്നുനിൽക്കുക. വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം അവൻ ആകാശത്തുനിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടുപോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു. അത് (നിങ്ങൾ ഗ്രഹിക്കുക) വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്നപക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽനിന്നുണ്ടാകുന്നതത്രെ" (അൽഹജ്ജ് 30-32).

### സർവവും സമർപ്പിക്കുക

"ഓരോ സമുദായത്തിനും നാം ഓരോ ആരാധനാകർമം നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് ഉപജീവനത്തിനായി അല്ലാഹു നൽകിയിട്ടുള്ള കന്നുകാലിമൃഗങ്ങളെ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് അവർ അറുക്കേണ്ടതിനു വേണ്ടിയത്രെ അത്. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അതിനാൽ അവന്നുമാത്രം നിങ്ങൾ കീഴ്പെടുക. (നബിയേ,) വിനീതർക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (അൽഹജ്ജ് 34).

ബലിമൃഗത്തിന്റെ മാംസമോ രക്തമോ അല്ല അല്ലാഹുവിന് ആവശ്യം, മറിച്ച് അല്ലാഹുവിനെ ഏകനാക്കലും മനുഷ്യരുടെ സൂക്ഷ്താബോധവുമാണ്.

"ബലി ഒട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു. നിങ്ങൾക്കവയിൽ ഗുണമുണ്ട്. അതിനാൽ അവയെ വരിവരിയായി നിർത്തിക്കൊണ്ട് അവയുടെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ചുകൊണ്ട് ബലിയർപ്പി)ക്കുക. അങ്ങനെ അവ പാർശ്വങ്ങളിൽ വീണുകഴിഞ്ഞാൽ അവയിൽനിന്നെടുത്ത് നിങ്ങൾ ഭക്ഷിക്കുകയും (യാചിക്കാതെ)



സംതൃപ്തിയടയുന്നവന്നും ആവശ്യപ്പെട്ടുവരുന്നവന്നും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക. നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടി അവയെ നിങ്ങൾക്ക് അപ്രകാരം നാം കീഴ്പെടുത്തിത്തന്നിരിക്കുന്നു. അവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമനിഷ്ഠയാണ് അവങ്കൽ എത്തുന്നത്. അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾ അവന്റെ മഹത്ത്വം പ്രകീർത്തിക്കേണ്ടതിനായി അപ്രകാരം അവൻ അവയെ നിങ്ങൾക്ക് കീഴ്പെടുത്തിത്തന്നിരിക്കുന്നു. (നബിയേ,) സദ്‌വൃത്തർക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (അൽഹജ്ജ് 36,37).

ഉപരിസൂചിത ക്വുർആൻ സൂക്തങ്ങളെല്ലാം മാനവരോട് ആവശ്യപ്പെടുന്നത് എല്ലാ അവസരങ്ങളിലും അവസ്ഥകളിലും അല്ലാഹുവിനെ ഓർക്കുകയും അവന്റെ ഏകത്വത്തെ അംഗീകരിക്കുകയും അനുസരണയിലും ബലിയടക്കമുള്ള ഹജ്ജ് കർമങ്ങളിലുടനീളവും അവനെ ഏകനാക്കുകയും ചെയ്യുകയെന്നതാണ്. അതുപോലെ തൗഹീദിന്റെ കടകവിരുദ്ധമായ ശിർക്കിൽനിന്ന് പാടെ അകലുകയും ചെയ്യണമെന്ന് പഠിപ്പിക്കുന്നു. അല്ലാഹുവിൽ പങ്കുചേർക്കുന്നവൻ ആകാശത്തുനിന്ന് വീണവനെ പോലെയാണ്, അവൻ എവിടെയാണ് വന്ന് പതിക്കുകയെന്നറിയില്ല. ഒരുപക്ഷേ, അവനെ ശക്തമായ കാറ്റ് വഹിച്ച്

**അല്ലാഹു പവിത്രത നൽകിയ വസ്തുക്കളെ വല്ലവനും ബഹുമാനിക്കുന്നപക്ഷം അത് തന്റെ രക്ഷിതാവിന്റെ അടുക്കൽ അവന്ന് ഗുണകരമായിരിക്കും. നിങ്ങൾക്ക് ഓതി കേൾപിക്കപ്പെടുന്നതൊഴിച്ചുള്ള കന്നുകാലികൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ആകയാൽ വിഗ്രഹങ്ങളാകുന്ന രിജ്സിൽനിന്നും നിങ്ങൾ അകന്നുനിൽക്കുക. വ്യാജവാക്കിൽനിന്നും നിങ്ങൾ അകന്നുനിൽക്കുക. വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം അവൻ ആകാശത്തുനിന്ന് വീണത് പോലെയാകുന്നു.**

കൊണ്ടുപോയി ഇടുന്നത് പ്രവിശാലമായ കടലിലോ, മണലാരണ്യത്തിലോ, കാട്ടിലോ ആയിരിക്കാം. ചിലപ്പോൾ ഏതെങ്കിലും വലിയ പക്ഷി കൊത്തിക്കൊണ്ടുപോയി അതിന്റെ ആഹാരമാക്കാനും സാധ്യതയുണ്ട്. ഇതെല്ലാം ഏതൊരു സാധാരണക്കാരനും സുവ്യക്തമാവുന്ന രൂപത്തിലാണ് മുകളിലെ ആയത്തുകളിൽ വിവരിക്കപ്പെട്ടത്. ആകാശത്തുനിന്ന് വീണവൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിനെയല്ലാതെ മറ്റു വല്ലതിനെയും ആരാധിക്കുന്നവൻ എന്നാണ്. ഇത്തരക്കാർ തങ്ങളുടെ ആഗ്രഹ സഫലീകരണത്തിനും പ്രയാസദൂരീകരണത്തിനുമായി സാങ്കൽപിക ആരാധ്യന്മാരിലേക്ക് മാറി മാറി ആരാധനകളും വഴിപാടുകളും അർപ്പിക്കും. അവസാനം എല്ലാം നഷ്ടപ്പെട്ട് ആദർശശൂന്യരായും നിരാശരായും മാറുകയും ചെയ്യും.

### ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ

ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്യുമ്പോൾ അല്ലാഹുവിന്റെ കൽപനക്ക് ഞാൻ വിധേയനാണ്, അവന്റെ താൽപര്യത്തിനാണ് സ്വന്തം താൽപര്യത്തെക്കാൾ ഞാൻ മുൻതൂക്കം നൽകുന്നത് എന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. സാധാരണ ധരിക്കുന്ന വസ്ത്രത്തിൽനിന്ന് മാറി പ്രത്യേക വസ്ത്രം, പ്രത്യേക രൂപത്തിൽ ധരിക്കാൻ സന്നദ്ധമാവുന്നു. ഇതിൽ സാധാരണക്കാരനെന്നോ, പണക്കാരനെന്നോ, അഭ്യസ്തവിദ്യനെന്നോ, അജ്ഞനെന്നോ, രാജാവെന്നോ, പ്രജയെന്നോ വ്യത്യാസമില്ല. ഏകനായ റബ്ബിന്റെ കൽപനയ്ക്കു മുന്നിൽ എല്ലാവരും ഒരുപോലെ, ഒരു മനസ്സോടെ.

### തൽബിയ്യത്ത്

ഇഹ്റാമിന് ശേഷം, ഹാജിമാർ ത്വവാഫ് ആരംഭിക്കുന്നതു വരെ തൽബിയ്യത്ത് ചൊല്ലണം. അല്ലാഹുവിന്റെ ഏകത്വവും ആരാധ്യതയും ഏറ്റവും ഉദാത്തമായ രൂപത്തിൽ പ്രഖ്യാപിക്കുന്നതാണ് തൽബിയ്യത്ത്. ഇത് ആശയമറിഞ്ഞ് ആത്മാർഥമായി പ്രഖ്യാപിക്കുന്ന ഒരു മനുഷ്യന് എങ്ങനെയാണ് അല്ലാഹുവല്ലാത്തവരിലേക്ക് അഭയംതേടാൻ കഴിയുക?

**തൽബിയ്യത്തിൽ ഹംദും നിഅ്മതും മുൽകും അടങ്ങിയിരിക്കുന്നു. ഈ മൂന്നും അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. ഉന്നതമായ മഹത്ത്വവും സമ്പൂർണ വിശേഷണവുമുള്ള അല്ലാഹുവിനാണ് സർവസ്തുതിയും, എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിൽ നിന്ന് മാത്രമാണ്, അവനിലേക്കുമാണ്. അധികാരം മുഴുവനും എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിന് മാത്രമാണ്. ഇതെല്ലാം അല്ലാഹുവിന്റെ ഏകത്വത്തെയാണ് വ്യക്തമാക്കുന്നത്. ഈ കാര്യങ്ങളെല്ലാം ഏകനായ അല്ലാഹുവിന് മാത്രമുള്ളതാണ്. ഈ പ്രഖ്യാപനമാണ് തൽബിയ്യത്തിലൂടെ ഓരോ ഹാജിയും നടത്തുന്നത്.**

'ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക ലാ ശരീക ലക ലബ്ബൈക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽമുൽക്, ലാ ശരീക ലക്' എന്നാണ് തൽബിയ്യത്തിന്റെ രൂപം.

"അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കാളിയുമില്ല. നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, സ്തുതികളും അനുഗ്രഹവും മുഴുവനും നിനക്കാണ്; അധികാരവും. നിനക്ക് യാതൊരു പങ്കാളിയുമില്ല''(മുസ്ലിം).

ഈ തൽബിയ്യത്താകുന്ന തൗഹീദിന്റെ ദിക്റ് ഹജ്ജ്, ഉംറ വേളകളിൽ മാത്രമെ ഇസ്ലാം നിയമമാക്കിയിട്ടുള്ളൂവെന്നത് നാം പ്രത്യേകം ശ്രദ്ധിക്കണം.

തൽബിയ്യത്തിൽ ഹംദും നിഅ്മതും മുൽകും അടങ്ങിയിരിക്കുന്നു. ഈ മൂന്നും അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. ഉന്നതമായ മഹത്ത്വവും സമ്പൂർണ വിശേഷണവുമുള്ള അല്ലാഹുവിനാണ് സർവസ്തുതിയും, എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിൽനിന്ന് മാത്രമാണ്, അവനിലേക്കുമാണ്. അധികാരം മുഴുവനും എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിന് മാത്രമാണ്. ഇതെല്ലാം അല്ലാഹുവിന്റെ ഏകത്വത്തെയാണ് വ്യക്തമാക്കുന്നത്. ഈ കാര്യങ്ങളെല്ലാം ഏകനായ അല്ലാഹുവിന് മാത്രമുള്ളതാണ്. ഈ പ്രഖ്യാപനമാണ് തൽബിയ്യത്തിലൂടെ ഓരോ ഹാജിയും നടത്തുന്നത്.

മക്കയിലെ മുശ്രിക്കുകളും തൽബിയ്യത്ത് ചൊല്ലിയിരുന്നു. പ്രവാചകനും സ്വഹാബികളും ചൊല്ലിയിരുന്ന തൽബിയത്തിനോട് സമാനതയുണ്ടെങ്കിലും ഒരു വാചകം അതിൽ അധികമുണ്ടായിരുന്നു. അവരുടെ തൽബിയ്യത്തിൽ 'ലാ ശരീക ലക' എന്നതിനു ശേഷം 'ഇല്ലാ ശരീകൻ, ഹുവ ലക, തംലികുഹു വമാ മലക' (നിനക്ക് ഒരു പങ്കാളിയുമില്ല, ഒരു പങ്കാളി ഒഴിച്ച്, അവൻ നിനക്കുള്ളതാണ്, നീ ഉടമപ്പെടുത്തുന്നത് തന്നെയാണ് അവനും ഉടമപ്പെടുത്തുന്നത്) എന്നുകൂടി പറയുമായിരുന്നു.

പ്രവാചകൻ(സ്വ) ഈ ശിർക്കിനെ മായ്ച്ചുകളയുകയുണ്ടായി. മുശ്രിക്കുകൾ തൽബിയത്ത് ചൊല്ലുന്നവേളയിൽ അവർ കൂട്ടിച്ചേർത്തത് തുടങ്ങുന്നതിന് മുമ്പുതന്നെ നബി(സ്വ) അവരോട് 'അവിടെ മതിയാക്കൂ, അവിടെ മതിയാക്കൂ'...(മുസ്ലിം) എന്നു പറഞ്ഞ് ശിർക്കിൽനിന്ന് അവരെ തടയുമായിരുന്നു.

### ത്വവാഫ്

ഹജ്ജിന്റെയും ഉംറയുടെയും പ്രധാനപ്പെട്ട കർമമാണല്ലോ അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും ആരാധിക്കുകയും ചെയ്യുന്ന ത്വവാഫ്. മലക്കുകളാൽ അസ്തിവാരമിട്ടതിൽനിന്നും ഇബ്റാഹീം നബി (അ)യും ഇസ്മാഈൽ നബി(അ)യും പടുത്തുയർത്തിയ കഅ്ബക്ക് ചുറ്റും ത്വവാഫ് ചെയ്യണമെന്ന കൽപന വിശ്വാസി അംഗീക

രിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഈ രണ്ട് നബിമാരോടും അല്ലാഹു പറയുന്നു:

"...ഇബ്റാഹീമിന്നും ഇസ്മാഈലിന്നും നാം കൽപനനൽകിയത്, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഇഅ്തികാഫ് (ഭജന) ഇരിക്കുന്നവർക്കും തലകുനിച്ചും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്ന(പ്രാർഥിക്കുന്ന)വർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങൾ ഇരുവരും ശുദ്ധമാക്കിവെക്കുക എന്നായിരുന്നു" (അൽബക്വറ 125).

"ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തി കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു)" (അൽഹജ്ജ് 26).

കഅ്ബ പടുത്തുയർത്താൻ ആജ്ഞാപിക്കുമ്പോഴും അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കാനും ശിർക്ക് വിപാടനം ചെയ്യാനും പ്രത്യേകം പറയുന്നു. ത്വവാഫിന്റെ ഓരോ ചുറ്റലിലും അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിച്ചുകൊണ്ട് അവനോട് മാത്രം പ്രാർഥിക്കാനും അവനിലേക്ക് സങ്കടങ്ങൾ ബോധിപ്പിക്കാനും അവനിൽ അഭയം പ്രാപിക്കാനും പാപമോചനം തേടാനും പ്രവാചകൻ(സ്വ) സ്വഹാബിമാരെ ഉൽബോധിപ്പിക്കുന്നത് നമുക്ക് കാണാനാവും. ത്വവാഫ് എന്ന ആരാധന ഇവിടെ മാത്രമെ പാടുള്ളൂ. മറ്റൊരു സ്ഥലത്തും പാടില്ല. എന്നാൽ സങ്കടകരമെന്ന് പറയട്ടെ, മുസ്‌ലിം സമുദായത്തിലെ ചില സാധാരണക്കാരും അറിവുള്ളവരാണെന്ന് ജനങ്ങൾ തെറ്റിദ്ധരിച്ച ചിലരും പല സ്ഥലങ്ങളിലും ക്വബ്റുകൾക്ക് ചുറ്റും ത്വവാഫ് ചെയ്യുന്നതായി നമുക്ക് കാണാനാവും. ഇത് ഹജ്ജിലുടനീളം വിളംബരം ചെയ്തുകൊണ്ടിരിക്കുന്ന തൗഹീദിന് വിപരീതമാണെന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

കഅ്ബക്ക് ചുറ്റുമുള്ള ത്വവാഫും സ്വഫാമർവക്കിടയിലുള്ള സഅ്യും ജംറയിലുള്ള കല്ലേറുമെല്ലാം നിയമമാക്കിയത് അല്ലാഹുവിനെ ഓർക്കാനാണെന്ന പ്രവാചകവചനം പ്രത്യേകം സ്മരണിയമാണ്.

ത്വവാഫിന് ശേഷം മക്വാമു ഇബ്റാഹീമിന് പിന്നിലുള്ള രണ്ടു റക്അത്ത് നമസ്കാരത്തിൽ പാരായണം ചെയ്യാൻ പ്രത്യേകം സുന്നത്താക്കിയ രണ്ട് സൂറത്തുകളും (അൽകാഫിറൂൻ, അൽഇഖ്‌ലാസ്) അല്ലാഹുവിന്റെ ഏകത്വം ഉജ്വലമായി സ്ഥാപിക്കുന്നവയാണ്.

**സ്വഫാ, മർവ**

ഹജ്ജിന്റെയും ഉംറയുടെയും അനിവാര്യഘടകമാണ് സഫാമർവക്കിടയിലുള്ള സഅ്‌യ്. സ്വഫാ മലയിലേക്ക് കയറുമ്പോൾ പാരായണം ചെയ്യാൻ സുന്നത്താ

**ഹജ്ജിലുടനീളം പ്രഖ്യാപിക്കുകയും വിളംബരം ചെയ്യുകയും ചെയ്യേണ്ട തൗഹീദിന് കടകവിരുദ്ധമായ ശിർക്ക് ചെയ്തുകൊണ്ടാണവർ യാത്രയാരംഭിക്കുന്നത്! വ്യക്തമാക്കിപ്പറഞ്ഞാൽ, ആരാധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മക്വ്ബറകളും ജാറങ്ങളും സന്ദർശിച്ച്, അവിടങ്ങളിൽ മറമാടപ്പെട്ടിട്ടുള്ളവരോട് സങ്കടങ്ങൾ ബോധിപ്പിച്ച്, അവരോട് പ്രാർഥിച്ചുകൊണ്ട്! ഹജ്ജ് കഴിഞ്ഞ് മടങ്ങിയെത്തിയാലും ജാറങ്ങളിൽ പോയി നന്ദി അറിയിക്കുന്ന വിരോധാഭാസവും നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത് അല്ലാഹു വിരോധിച്ചതും, നരകം ഉറപ്പാക്കുന്നതും, സ്വർഗം നിഷിദ്ധമാക്കുന്നതും, കർമങ്ങളെയെല്ലാം പൊളിച്ചുകളയുന്നതുമാണെന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് ആത്മാർഥമായി ആഗ്രഹിച്ചുപോവുകയാണ്.**



ക്കിയ ആയത്തും ഇസ്‌ലാമിന്റെ ചിഹ്നങ്ങളെ ആദരിക്കാനും ഉയർത്തിപ്പിടിക്കാനും ആഹ്വാനം ചെയ്യുന്നതാണ്. ശേഷം ക്വിബ്‌ലക്ക് അഭിമുഖമായി ഓരോ ഹാജിയും നടത്തുന്ന പ്രാർഥന അല്ലാഹുവിന്റെ ഏകത്വവും അവന്റെ ഔന്നിത്യവും മഹത്ത്വവും വ്യക്തമാക്കുന്നതാണ്.

ജാബിർ(റ) നബി(സ)യുടെ ഹജ്ജിനെക്കുറിച്ച് ഇങ്ങനെ വിശദീകരിക്കുകയുണ്ടായി; നബി(സ) പറഞ്ഞു: 'അല്ലാഹു ആരംഭിച്ചതുകൊണ്ട് ഞാനും ആരംഭിക്കുന്നു.' അങ്ങനെ സ്വഫകൊണ്ട് ആരംഭിച്ച് അതിലേക്ക് കയറി കഅ്ബയെ കാണുന്ന രൂപത്തിൽ അതിലേക്ക് തിരിഞ്ഞുകൊണ്ട് അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും ഏകനാക്കുകയും ചെയ്തുകൊണ്ട് പറയുകയുണ്ടായി: 'ലാ ഇലാഹ ഇല്ലല്ലാഹ്, വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദ്, വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വ നസ്വറ അബ്ദഹു, വ ഹസമൽ അഹ്സാബ വഹ്ദഹു.'

"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവനൊരു പങ്കാളിയുമില്ല, അവനാണ് ആധിപത്യം മുഴുവനും, അവനാണ് സ്തുതികൾ മുഴുവനും, അവൻ എല്ലാത്തിനും



കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവന്റെ കരാർ അവൻ നിറവേറ്റി, അവൻ അവന്റെ അടിമയെ സഹായിച്ചു, അവൻ ഒറ്റക്ക് കക്ഷികളെ പരാജയപ്പെടുത്തുകയും ചെയ്തു" (മുസ്‌ലിം). ഇത് സ്വഫയിൽവെച്ച് പ്രാർഥിക്കുന്നത് പോലെ മർവയിലും പ്രാർഥിക്കണം.

ഹജ്ജിന്റെ മശാഇറുകളായ മിനാ, അറഫ, മുസ്ദലിഫ പോലെയുള്ള സ്ഥലങ്ങളിലും അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ഉന്നതമാക്കുകയും ചെയ്യുന്ന കാര്യങ്ങൾതന്നെയാണ് ചെയ്യാനുള്ളത്. ദുൽഹിജ്ജ 9ന് ഉച്ചയോടെയാണ് അറഫയിലേക്ക് ഹാജിമാർ പ്രവേശിക്കേണ്ടത്. അറഫയിലും അറഫക്ക് പുറത്തുമായി സ്ഥിതിചെയ്യുന്ന വിശാലമായി നമിറ പള്ളിയിൽവെച്ച് ഇമാം (ഇന്ന് സൗദി അറേബ്യയുടെ ഭരണാധികാരി നിശ്ചയിക്കുന്ന ഹജ്ജിന്റെ ഇമാം) ഖുതുബ നടത്തും. ഈ ഖുതുബ അല്ലാഹുവിന്റെ ഏകത്വവും തൗഹീദും ഔന്നിത്യവും ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് ആരംഭിക്കുക. ശേഷം ഇസ്‌ലാമിന്റെ ശരീഅത്തും അതിന്റെ പ്രാധാന്യവും വ്യക്തമാക്കിക്കൊണ്ട് കടന്നുപോകുന്ന ഖുതുബ ആനുകാലിക വിഷയങ്ങളെ പരാമർശിച്ച് അതിൽ ഒരു മുസ്‌ലിമിന്റെ നിലപാടെന്തെന്നും വ്യക്തമാക്കുന്നു. ശേഷം സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനോട് പ്രാർഥിച്ചാണ് ഇത് അവസാനിക്കുക. ശേഷം ദുഹ്‌റും അസ്വ്‌റും ജംഉം ഖസ്വ്‌റുമായി നമസ്കരിക്കുന്നു. തുടർന്ന് സൂര്യാസ്തമയംവരെ അല്ലാഹുവിനോട് പ്രാർഥിക്കലാണ് ഹാജിമാർക്ക് അറഫയിൽ ചെയ്യാനുള്ള ആരാധന. അറഫയിലെ ഏറ്റവും ശ്രേഷ്ഠമായ പ്രാർഥനയായി റസൂലുല്ലാഹി(സ്വ) പഠിപ്പിച്ചുതന്നത് 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ' എന്നാണ്. തൗഹീദിന്റെ മഹത്ത്വം പ്രഖ്യാപിക്കുന്ന പ്രാർഥനയാണിതെന്ന് ഏതൊരു മുസ്‌ലിമിനും അറിയാവുന്നതാണ്. നബി(സ്വ) പറഞ്ഞു: "ഏറ്റവും ശ്രേഷ്ഠമായ പ്രാർഥന അറഫാദിനത്തിലെ പ്രാർഥനയാണ്. ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞതിൽ ഏറ്റവും ശ്രേഷ്ഠമായത് (ഇതാണ്) 'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് അധികാരം, അവനാണ് സ്തുതികൾ മുഴുവനും, അവൻ എല്ലാറ്റിനും കഴിവുള്ളവനുമാണ്" (തിർമിദി).

സൂര്യാസ്തമയത്തോടെ അറഫയിലെ നിറുത്തം കഴിഞ്ഞ് ഹാജിമാർ മുസ്ദലിഫയിലേക്ക് ഒഴുകുന്നു. അപ്പോഴും തൗഹീദിന്റെ മന്ത്രമായ തൽബിയ്യത്താണ് അവരുടെ ചുണ്ടുകളിൽ നിന്ന് ഒഴുകിക്കൊണ്ടിരിക്കുന്നത്. മുസ്ദലിഫയിലെ വിശാലമായ മൈതാനിയിൽ എത്തി മഗ്‌രിബും ഇശാഉം ജംഉം ഖസ്വ്‌റുമായി നമസ്കരിച്ച് ആകാശമെന്ന അനന്ത വിശാല മേൽക്കൂരക്ക് കീഴിൽ വിശാലമായ ഭൂമിയെന്ന മെത്തയിൽ ഉറങ്ങുകയെന്ന ആരാധനയിലേക്ക് ഹാജിമാർ പ്രവേശിക്കുന്നു. ശേഷം ദുൽഹിജ്ജ പത്തിന്റെ സുബ്ഹി അവിടെവെച്ച് നിർവഹിച്ച് മശ്ഹരിൽ ഹറാം എന്ന മസ്ജിദിനും ക്വിബ്‌ലക്കുമഭിമുഖമായി നിന്ന് കൈകളുയർത്തി സൂര്യോദയംവരെ അല്ലാഹുവിനോട് പ്രാർഥിക്കൽ ഏറെ പുണ്യകരമാണ്. ഈ സമയത്ത് അല്ലാഹുവിന്റെ ഏകത്വവും മഹത്ത്വവും ഔന്നിത്യവും വിളിച്ചോതുന്ന തഹ്‌ലീലും തക്ബീറും തഹ്‌മീദും ഹാജിമാരുടെ നാവിലൂടെ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കും.

**ദുൽഹിജ്ജ പത്ത്**

ഹജ്ജുൽ അക്ബർ; യൗമുന്നഹ്ർ എന്നീ പേരിലെല്ലാം അറിയപ്പെടുന്ന ദുൽഹിജ്ജ പത്തിന് രാവിലെ മിനായിലെത്തി, മക്കയോട് അടുത്ത് നിൽക്കുന്ന ജംറതുൽ അക്വബ, ജംറതുൽ കുബ്‌റാ എന്നീ പേരിലറിയപ്പെടുന്ന ജംറകളിൽ തക്ബീർ ചൊല്ലി ഒന്നിനു പുറകെ ഒന്നായി ഏഴ് കല്ലുകൾ എറിയുന്നു. എന്റെ റബ്ബ് എന്നോട് എന്ത് പറഞ്ഞാലും ഞാനത് അംഗീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന ദൃഢനിശ്ചയത്തോടെയാണ് വിശ്വാസി ഹജ്ജിന്റെ ഈ കർമവും ചെയ്യുന്നത്. ശേഷം ബലിയും നിർവഹിക്കുന്നു. സ്രഷ്ടാവിന്റെ തൃപ്തി മാത്രം ആഗ്രഹിച്ചും അവന്റെ ഔന്നിത്യം അംഗീകരിച്ചുകൊണ്ടുമാണ് ഓരോ ഹാജിയും ബലിയറുക്കേണ്ടത്. അല്ലാഹു പറഞ്ഞു:

"ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക" (അൽകൗസർ 2).

"പറയുക; തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാ

കർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു" (അൽഅൻആം 162).

ശേഷം മുടി കളയുന്നതും അല്ലാഹുവിന്റെ നിയമത്തിനും പ്രവാചകചര്യക്കും ഞാനിതാ കീഴൊതുങ്ങുന്നുവെന്ന് പ്രഖ്യാപിച്ചാണ്. പിന്നീടു ചെയ്യേണ്ട ത്വവാഫുൽ ഇഫാദ, സഅ്‌യ് എന്നിവയിലും തുടക്കത്തിൽ വ്യക്തമാക്കിയപോലെ അല്ലാഹുവിന്റെ ഏകത്വവും തൗഹീദും മഹത്ത്വവും ഔന്നിത്യവുമെല്ലാം പ്രഖ്യാപിക്കുന്നു. ഇങ്ങനെ ഹജ്ജിന്റെ ഓരോ കർമത്തിലും പ്രാർഥനകളിലുമെല്ലാം തൗഹീദിന്റെ വിളംബരമാണ് ഓരോ ഹാജിയും നടത്തുന്നത്. അതെ, ഹജ്ജ് തൗഹീദിന്റെ അണമുറിയാത്ത വിളംബരം തന്നെ!

**തുടക്കവും ഒടുക്കവും...**

ഖേദകരമെന്നു പറയട്ടെ; ചിലരെങ്കിലും അല്ലാഹുവിനെയും അവന്റെ ഏകത്വത്തെയും ഹജ്ജിന്റെ കർമങ്ങളെയും ഇസ്‌ലാമിക ശരീഅത്തിനെയും മനസ്സിലാക്കേണ്ട രൂപത്തിൽ മനസ്സിലാക്കാതെ ഹജ്ജ് എന്ന പേരിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുകയാണ് ചെയ്യാറുള്ളത്. മബ്‌റൂറായ ഹജ്ജ് എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കാതെയാണവർ ഹജ്ജിന് പുറപ്പെടുന്നത്. അതുപോലെ ഹജ്ജിലുടനീളം പ്രഖ്യാപിക്കുകയും വിളംബരം ചെയ്യുകയും ചെയ്യേണ്ട തൗഹീദിന് കടകവിരുദ്ധമായ ശിർക്ക് ചെയ്തുകൊണ്ടാണവർ യാത്രയാരംഭിക്കുന്നത്! വ്യക്തമാക്കിപ്പറഞ്ഞാൽ, ആരാധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മക്ബ്വറകളും ജാറങ്ങളും സന്ദർശിച്ച്, അവിടങ്ങളിൽ മറമാടപ്പെട്ടിട്ടുള്ളവരോട് സങ്കടങ്ങൾ ബോധിപ്പിച്ച്, അവരോട് പ്രാർഥിച്ചുകൊണ്ട്! ഹജ്ജ് കഴിഞ്ഞ് മടങ്ങിയെത്തിയാലും ജാറങ്ങളിൽ പോയി നന്ദി അറിയിക്കുന്ന വിരോധാഭാസവും നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത് അല്ലാഹു വിരോധിച്ചതും, നരകം ഉറപ്പാക്കുന്നതും, സ്വർഗം

**ഏറെ പുണ്യമുള്ള സ്ഥലമാണ് മദീനതുന്നബവി. പുണ്യവും അനുഗ്രഹവും ആഗ്രഹിച്ചുകൊണ്ട് തീർഥയാത്ര ചെയ്യാനായി അനുവാദമുള്ള, പ്രവാചക കരങ്ങളാൽ പടുത്തുയർത്തപ്പെട്ട മസ്ജിദുന്നബവി സ്ഥിതി ചെയ്യുന്ന, 'എന്റെ വീടിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗത്തോപ്പാണ്' എന്ന് നബി(സ്വ) പറഞ്ഞ 'റൗളാ ശരീഫ്' ഉള്ള, യസ്‌രിബെന്ന പൗരാണിക പേരുള്ള, അൽമദീന, ദാറുൽഹിജ്‌റ, ത്വാബ, ത്വൈബ എന്നീ പേരുകളിലറിയപ്പെടുന്ന, അന്ത്യപ്രവാചകൻ മറമാടപ്പെട്ട സ്ഥലമായ മദീന സന്ദർശിക്കൽ ഹജ്ജിന്റെ ഭാഗമല്ലായെന്ന സത്യം എത്രയാളുകൾക്കറിയാം? ഹജ്ജിന്റെ കർമങ്ങളെല്ലാം നടക്കുന്നത് മക്ക, മിന, അറഫ, മുസ്ദലിഫ എന്നീ മശാഇറുകളിലാണ്. മദീനയിൽ ഹജ്ജിന്റെയോ ഉംറയുടെയോ ഒരു കർമവുമില്ല. എന്നാലും മക്കയെക്കാൾ മദീനക്ക് പ്രാധാന്യം കൽപിക്കുന്ന ഒരുപാട് ആളുകളെ നമുക്ക് കാണാനാവും.**

നിഷിദ്ധമാക്കുന്നതും, കർമങ്ങളെയെല്ലാം പൊളിച്ചുകളയുന്നതുമാണെന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് ആത്മാർഥമായി ആഗ്രഹിച്ചുപോവുകയാണ്. ത്വവാഫിനും സഅ്‌യിനുമിടയിലും, മിനയിലും അറഫയിലും മുസ്ദലിഫയിലുമെല്ലാം പലവിധത്തിലുള്ള, പല പേരിലുമുള്ള മാലകളും മൗലിദുകളുമാണ് ചിലർ ഉരുവിട്ടുകൊണ്ടിരിക്കുന്നത്. തൗഹീദിനു വേണ്ടി പലായനം ചെയ്ത പ്രവാചകൻ ജനിക്കുകയും ജീവിക്കുകയും ദൗത്യം നിർവഹിക്കുകയും ചെയ്ത നാട്ടിൽ, ശുദ്ധമായ തൗഹീദിന്റെ മണ്ണിൽ, തൗഹീദിന്റെ മാർഗത്തിൽ ജീവത്യാഗം ചെയ്ത പണ്ഡിതരുള്ള നാട്ടിൽ, തൗഹീദ് മാത്രം പ്രഖ്യാപിക്കാനായി ലോകത്താദ്യമായി പടുത്തുയർത്തപ്പെട്ട കഅ്ബ സ്ഥിതിചെയ്യുന്ന സ്ഥലത്ത്, തൗഹീദിന്റെ വിളംബരം മാത്രം ലക്ഷക്കണക്കിന് ഹാജിമാരുടെ നാവിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന മശാഇറുകളിൽ, സൃഷ്ടികളോട് തേടിക്കൊണ്ടിരിക്കുന്നവരേ...! ശ്വാസം നിലച്ചത് മുതൽ ആരംഭിക്കുന്ന പാരത്രിക ജീവിതം എല്ലാവർക്കുമുള്ളതാണെന്ന ബോധമില്ലേ നിങ്ങൾക്ക്? മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകത്തെ നിങ്ങൾ ഭയക്കുന്നില്ലേ?

**മദീനഃ മുനവ്വറ**

ഏറെ പുണ്യമുള്ള സ്ഥലമാണ് മദീനതുന്നബവി. പുണ്യവും അനുഗ്രഹവും ആഗ്രഹിച്ചുകൊണ്ട് തീർഥയാത്ര ചെയ്യാനായി അനുവാദമുള്ള, പ്രവാചക കരങ്ങളാൽ പടുത്തുയർത്തപ്പെട്ട മസ്ജിദുന്നബവി സ്ഥിതി ചെയ്യുന്ന, 'എന്റെ വീടിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗത്തോപ്പാണ്' എന്ന് നബി(സ്വ) പറഞ്ഞ 'റൗളാ ശരീഫ്' ഉള്ള, യസ്‌രിബെന്ന പൗരാണിക പേരുള്ള, അൽമദീന, ദാറുൽഹിജ്‌റ, ത്വാബ,ത്വൈബ എന്നീ പേരുകളിലറിയപ്പെടുന്ന, അന്ത്യപ്രവാചകൻ മറമാടപ്പെട്ട സ്ഥലമായ മദീന സന്ദർശിക്കൽ ഹജ്ജിന്റെ ഭാഗമല്ലായെന്ന സത്യം എത്രയാളുകൾക്കറിയാം? ഹജ്ജിന്റെ കർമങ്ങളെല്ലാം നടക്കുന്നത് മക്ക, മിന, അറഫ, മുസ്ദലിഫ എന്നീ മശാഇറുകളിലാണ്. മദീനയിൽ ഹജ്ജിന്റെയോ ഉംറയുടെയോ ഒരു കർമവുമില്ല. എന്നാലും മക്കയെക്കാൾ മദീനക്ക് പ്രാധാന്യം കൽപിക്കുന്ന ഒരുപാട് ആളുകളെ നമുക്ക് കാണാനാവും.

പ്രമാണങ്ങളിലുള്ളത് പഠിച്ചറിഞ്ഞ് അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ് വേണ്ടത്. തൗഹീദിന്റെ വിളംബരം പ്രഖ്യാപിച്ചുകൊണ്ട് മബ്‌റൂറായ ഹജ്ജ് ചെയ്യാൻ പരിശ്രമിക്കുക, ആ അവസരത്തിനായി പ്രവർത്തിക്കുകയും പ്രാർഥിക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ.



# ഇബ്റാഹീം നബി(അ):
# ജീവിതവും സന്ദേശവും വിശുദ്ധ ക്വുർആനിൽ 2

സലീം പട്‌ല
: 94964 84611

**പ്രബോധനത്തിലെ ഗുണകാംക്ഷ**

'എന്റെ പിതാവേ' എന്ന് സ്നേഹത്തോടെ വിളിച്ചുകൊണ്ട് വളരെ സൗമ്യമായി, ഗുണകാംക്ഷയോടെ ഇബ്റാഹീം നബി (അ) തന്റെ പിതാവിനോട് നടത്തിയ സ്നേഹസംവാദങ്ങൾ ലോകാവസാനംവരെയുള്ള പ്രബോധകർക്ക് മാതൃകയാണ്:

"അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ പിതാവേ, കേൾക്കുകയോ, കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു? എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്.ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചുതരാം. എന്റെ പിതാവേ, താങ്കൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും പിശാച് പരമകാരുണികനോട് അനുസരണമില്ലാത്തവനാകുന്നു. എന്റെ പിതാവേ, തീർച്ചയായും പരമകാരുണികനിൽനി



**താൻ മനസ്സിലാക്കിയ സത്യം തന്റെ സഹോദരങ്ങളും നാട്ടുകാരും വീട്ടുകാരുമടക്കമുള്ള സഹജീവികൾക്ക് എത്തിക്കണമെന്നുള്ള ആത്മാർഥമായ ഗുണകാംക്ഷയിൽനിന്നാണ് പ്രബോധനം തുടങ്ങുന്നത്. പ്രബോധനത്തിന്റെ ലക്ഷ്യം ഭൗതിക നേട്ടങ്ങളല്ല. എതിരാളിയെ തർക്കിച്ച് തോൽപിക്കലോ അവരെ അപമാനിച്ചു വിടലോ അല്ല. പരലോകത്തെ പ്രതിഫലം മാത്രം ലക്ഷ്യമിട്ടുള്ള കാരുണ്യ പ്രവർത്തനമാണത്.**

ന്നുള്ള വല്ല ശിക്ഷയും താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ താങ്കൾ പിശാചിന്റെ മിത്രമായിരിക്കുന്നതാണ്'' (ക്വുർആൻ 9/42-45).

താൻ മനസ്സിലാക്കിയ സത്യം തന്റെ സഹോദരങ്ങളും നാട്ടുകാരും വീട്ടുകാരുമടക്കമുള്ള സഹജീവികൾക്ക് എത്തിക്കണമെന്നുള്ള ആത്മാർഥമായ ഗുണകാംക്ഷയിൽനിന്നാണ് പ്രബോധനം തുടങ്ങുന്നത്. പ്രബോധനത്തിന്റെ ലക്ഷ്യം ഭൗതിക നേട്ടങ്ങളല്ല. എതിരാളിയെ തർക്കിച്ച് തോൽപിക്കലോ അവരെ അപമാനിച്ചു വിടലോ അല്ല. പരലോകത്തെ പ്രതിഫലം മാത്രം ലക്ഷ്യമിട്ടുള്ള കാരുണ്യ പ്രവർത്തനമാണത്.

ഇബ്റാഹീം നബി(അ) മനസ്സിൽ തട്ടി തന്റെ പിതാവിനോട് പറഞ്ഞ 'എന്റെ പിതാവേ, തീർച്ചയായും പരമകാരുണികനിൽനിന്നുള്ള വല്ല ശിക്ഷയും താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു...'(19/45) എന്ന വാക്ക് ചിന്താർഹമാണ്. ഇതേ ചിന്തയായിരിക്കണം പ്രബോധിത സമൂഹത്തോട് സംവദിക്കുമ്പോൾ ഒരു നല്ല പ്രബോധകന് എപ്പോഴുമുണ്ടായിരിക്കേണ്ടത്.

**ആദർശ പ്രഖ്യാപനം**

"ഇബ്റാഹീമേ, നീ എന്റെ ദൈവങ്ങളെ വെറുക്കുകയാണോ? എങ്കിൽ ഉടനെത്തന്നെ ഇതവസാനിപ്പിക്കുക. അല്ലെങ്കിൽ നിന്നെ ഞാൻ കല്ലെറിഞ്ഞോടിക്കും. നീ എന്നെന്നേക്കുമായി എന്നെ വിട്ടുപോകണം''(19/46).

ഇങ്ങനെ പറഞ്ഞ് പിതാവ് തന്നെ പുറത്താക്കുമ്പോൾ ഇബ്റാഹീം നബി(അ)യുടെ ആദർശ പ്രഖ്യാപനം ശ്രദ്ധേയമാണ്

"നിങ്ങളെയും അല്ലാഹുവിന് പുറമെ നിങ്ങൾ പ്രാർഥിച്ചുവരുന്നവയെയും ഞാൻ വെടിയുന്നു. എന്റെ രക്ഷിതാവിനോട് ഞാൻ പ്രാർഥിക്കുന്നു. എന്റെ രക്ഷിതാവിനോട് പ്രാർഥിക്കുന്നതുമൂലം ഞാൻ ഭാഗ്യം കെട്ടവനാകാതിരുന്നേക്കാം''(19/48).

**പ്രബോധനത്തിലെ മുൻഗണന**

എല്ലാ പ്രവാചകൻമാരെയും പോലെ ഇബ്റാഹീം നബിയുടെയും പ്രബോധനത്തിലെ പ്രധാന വിഷയം ഏകദൈവവിശ്വാസം തന്നെയായിരുന്നു:

"ഇബ്റാഹീമിനെയും (നാം അയച്ചു,) അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ): നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ. നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ ആരാധിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്'' (29/16,17).

"അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: അല്ല, നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവാകുന്നു. അവയെ സൃഷ്ടിച്ചുണ്ടാക്കിയവൻ.ഞാൻ അതിന് സാക്ഷ്യം വഹിക്കുന്നവരുടെ കൂട്ടത്തിലാകുന്നു''(21/56)

ഇബ്റാഹീം നബി(അ) അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന രംഗം വിശുദ്ധ ക്വുർആനിലുണ്ട്. എത്ര സുന്ദരമായിട്ടും ലളിതമായിട്ടുമാണ് അല്ലാഹുവിനെ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നത്! അല്ലാഹു ആരെന്ന് അവരോട് പറഞ്ഞു തുടങ്ങുന്നതിങ്ങനെയാണ്:

"അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ. പ്രതിഫലത്തിന്റെ നാളിൽ ഏതൊരുവൻ എന്റെ തെറ്റ് പൊറുത്തുതരുമെന്ന് ഞാൻ ആശിക്കുന്നുവോ അവൻ" (26/7882).

**പരീക്ഷണങ്ങളിലൂടെ**

ജീവിതത്തിൽ നിരവധി പരീക്ഷണങ്ങൾ നേരിടേണ്ടിവന്ന മഹാനാണ് ഇബ്റാഹീം നബി (അ). അതിലൊന്ന് സന്താന സൗഭാഗ്യം ലഭിക്കാത്ത അവസ്ഥയാണ്. എന്നിട്ടും അദ്ദേഹം ഒരിക്കലും നിരാശനായില്ല. അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയും പ്രത്യാശയും ആശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നു. അത് പ്രവാചകൻമാരുടെ മഹത്തായ ഗുണങ്ങളിൽ ഒന്നാണ്. അല്ലാഹു പറയുന്നു:

"...തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും ആശിച്ചുകൊണ്ടുംപേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്ന വരുമായിരുന്നു" (21/90).

യഅ്ക്വൂബ് നബി(അ) പറഞ്ഞു: "...അല്ലാഹുവിങ്കൽനിന്നുള്ള ആശ്വാസത്തെപ്പറ്റി നിങ്ങൾ നിരാശ പ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽനിന്നുള്ള ആശ്വാസത്തെപ്പറ്റി നിരാശപ്പെടു കയില്ല, തീർച്ച" (12/87).

"അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: തന്റെ രക്ഷിതാവിന്റെ കാരുണ്യത്തെപ്പറ്റി ആരാണ് നിരാശപ്പെടുക, വഴിപിഴച്ചവരല്ലാതെ!" (15/56).


**പരീക്ഷണങ്ങളിലൂടെ ജീവിതത്തിൽ നിരവധി പരീക്ഷണങ്ങൾ നേരിടേണ്ടിവന്ന മഹാനാണ് ഇബ്റാഹീം നബി (അ). അതിലൊന്ന് സന്താന സൗഭാഗ്യം ലഭിക്കാത്ത അവസ്ഥയാണ്. എന്നിട്ടും അദ്ദേഹം ഒരിക്കലും നിരാശനായില്ല. അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയും പ്രത്യാശയും ആശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നു. അത് പ്രവാചകൻമാരുടെ മഹത്തായ ഗുണങ്ങളിൽ ഒന്നാണ്. ആഗ്രഹ സഫലീകരണത്തിനും സന്താന സൗഭാഗ്യത്തിനും ഉപദ്രവം നീങ്ങാനും ഉപകാരം ലഭിക്കാനുമായി അല്ലാഹു അല്ലാത്തവരെ തേടി പോകുന്ന ഇന്നത്തെ മുസ്‌ലിം നാമധാരികൾ ഇബ്റാഹീം നബിയുടെ ജീവിതം വായിക്കുന്നത് നല്ലതാണ്.**


അല്ലാഹു പ്രാർഥന കേൾക്കുന്നവനാണെന്ന ഉറച്ച വിശ്വാസത്താൽ (14/39) പ്രതീക്ഷ കൈവിടാതെ ക്ഷമയോടെ അല്ലാഹുവോട് മാത്രം പ്രാർഥിച്ചുകൊണ്ടിരുന്നു.

"എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ. അപ്പോൾ സഹനശീലനായ ഒരു ബാലനെപ്പറ്റി നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു. എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ; നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്. അങ്ങനെ അവർ ഇരുവരും (കൽപനക്ക് കീഴ്പെടുകയും, അവനെ നെറ്റി(ചെന്നി)മേൽ ചെരിച്ചുകിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചുപറഞ്ഞു: ഹേ! ഇബ്റാഹീം, തീർച്ചയായും നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്. അവന്ന് പകരം ബലിയർപ്പിക്കാനായി മഹത്തായ ഒരു ബലിമൃഗത്തെ നാം നൽകുകയും ചെയ്തു. പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ (ഇബ്റാഹീമിന്റെ) സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു" (37/100-108).

ആഗ്രഹ സഫലീകരണത്തിനും സന്താന സൗഭാഗ്യത്തിനും ഉപദ്രവം നീങ്ങാനും ഉപകാരം ലഭിക്കാനുമായി അല്ലാഹു അല്ലാത്തവരെ തേടി പോകുന്ന ഇന്നത്തെ മുസ്‌ലിം നാമധാരികൾ ഇബ്റാഹീം നബിയുടെ ജീവിതം വായി



ക്കുന്നത് നല്ലതാണ്.

ഈ ചരിത്ര സംഭത്തിന്റെ സ്മരണ നിലനിർത്തിക്കൊണ്ടാണ് ലോകമുസ്‌ലിംകൾ ബലിപെരുന്നാൾ (ഈദുൽ അദ്ഹാ) ആഘോഷിക്കുന്നത്.

**എനിക്ക് അല്ലാഹു മതി**

സൂറത്തുൽ അമ്പിയാഇലെ 52 മുതൽ 67 വരെയുള്ള വചനങ്ങളിൽ ഇബ്‌റാഹീം(അ) നാട്ടുകാരോടും പിതാവിനോടും വിഗ്രഹാരാധനയുടെ നിരർഥകത ബോധ്യപ്പെടുത്തുന്ന സംഭവം വിശദമായിത്തന്നെ വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയാനാകാതെ ഉത്തരം മുട്ടുകയായിരുന്നു അവർക്ക്. എന്നിട്ടും തെറ്റ് തെറ്റാണെന്ന് സമ്മതിക്കാൻ അവർ കൂട്ടാക്കിയില്ല. തങ്ങളുടെ ദൈവങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നറിഞ്ഞിട്ടും അവയെ സഹായിക്കാൻ വേണ്ടി എന്ന പേരിൽ നബിയെ അപായപ്പെടുത്താനാണവർ പിന്നെ ശ്രമിക്കുന്നത്! അസത്യത്തിന്റെ ആളുകൾ എന്നും എപ്പോഴും പയറ്റിയിരുന്ന അതേ തന്ത്രം! സത്യത്തിന്റെ ആളുകളെ ഇല്ലാതാക്കി സത്യത്തെ കുഴിച്ചുമൂടാനുള്ള പാഴ്ശ്രമം! ഇബ്‌റാഹീം നബി അവരോട് ചോദിച്ചത് ഈ ലളിതമായ ചോദ്യമായിരുന്നു:

"അദ്ദേഹം പറഞ്ഞു: നിങ്ങൾ തന്നെ കൊത്തിയുണ്ടാക്കുന്നവയെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്!" (37/95,96).

അതിനുള്ള അവരുടെ പ്രതികരണം ഇങ്ങനെയായിരുന്നു: "അവർ (അന്യോന്യം) പറഞ്ഞു: നിങ്ങൾ അവന്ന് (ഇബ്‌റാഹീമിന്) വേണ്ടി ഒരു ചൂള പണിയുക. എന്നിട്ടവനെ ജ്വലിക്കുന്ന അഗ്നിയിൽ ഇട്ടേക്കുക"(37/97).

"നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക" (21/68).



"നിങ്ങൾ അവനെ കൊന്നുകളയുകയോ ചുട്ടെരിക്കുകയോ ചെയ്യൂ എന്ന് പറഞ്ഞതല്ലാതെ അപ്പോൾ അദ്ദേഹത്തിന്റെ (ഇബ്‌റാഹീമിന്റെ) ജനത മറുപടിയൊന്നും നൽകിയില്ല..." (29/24).

കത്തിയെരിയുന്ന തീയിലേക്ക് വലിച്ചെറിയുമ്പോൾ അദ്ദേഹം പതറിയില്ല! ഭയന്നില്ല! കാരണം ഏകദൈവ വിശ്വാസി എപ്പോഴും നിർഭയനാണ്. നിർഭയത്വം ഇല്ലാതാവുന്നത് ഏകദൈവ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുമ്പോഴാണ്. സ്രഷ്ടാവിൽ എല്ലാം ഭരമേൽപിച്ച സത്യവിശ്വാസികൾക്ക് സൃഷ്ടികളിലൊന്നിനെയയും ഭയപ്പെടേണ്ടതില്ല. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു, അവന്റെ അറിവിലും കഴിവിലും കാഴ്ചയിലും കേൾവിയിലും തന്റെ കൂടെയുണ്ടന്ന ദൃഢവിശ്വാസം ഒരു സത്യവിശ്വാസിക്ക് പ്രതീക്ഷയും പ്രത്യാശയും ആശ്വാസവും നിർഭയത്വവും നൽകുന്നു.

കത്തിയെരിയുന്ന തീയിലേക്ക് വലിച്ചെറിയുമ്പോൾ അദ്ദേഹം പതറിയില്ല! ഭയന്നില്ല! കാരണം ഏകദൈവ വിശ്വാസി എപ്പോഴും നിർഭയനാണ്. നിർഭയത്വം ഇല്ലാതാവുന്നത് ഏകദൈവ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുമ്പോഴാണ്. സ്രഷ്ടാവിൽ എല്ലാം ഭരമേൽപിച്ച സത്യവിശ്വാസികൾക്ക് സൃഷ്ടികളിലൊന്നിനെയയും ഭയപ്പെടേണ്ടതില്ല. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു, അവന്റെ അറിവിലും കഴിവിലും കാഴ്ചയിലും കേൾവിയിലും തന്റെ കൂടെയുണ്ടന്ന ദൃഢവിശ്വാസം ഒരു സത്യവിശ്വാസിക്ക് പ്രതീക്ഷയും പ്രത്യാശയും ആശ്വാസവും നിർഭയത്വവും നൽകുന്നു.

അല്ലാഹു അടിമക്ക് മതിയായവനാണെന്നും അവനിലാണ് ഭരമേൽപിക്കേണ്ടതെന്നും (39/36-38), (3/73), ദുഃഖിക്കേണ്ട, ഭയപ്പെടേണ്ട അല്ലാഹു കൂടെയുണ്ടെന്നും (9/40), (20/46) ഉറച്ചബോധ്യമുള്ള മുസ്‌ലിമിന് വിശ്വാസദൃഢതയും അർപ്പണബോധവും ഏത് പ്രതിസന്ധിയെയും പ്രതികൂലാവസ്ഥയെയും നേരിടാറുള്ള മനഃശക്തിയും ലഭിക്കുമെന്നതിൽ സംശയമില്ല.

ഇബ്‌റാഹീമിന് വേണ്ടി തണുപ്പും സാമാധാനവും രക്ഷയുമാവാൻ തീയിനോട് അല്ലാഹു കൽപിക്കുകയും അങ്ങനെ അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ശത്രുക്കളുടെ കുതന്ത്രങ്ങൾ തകർക്കുകയും ചെയ്തു.

"നാം പറഞ്ഞു: തീയേ, നീ ഇബ്‌റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്" (21/69,70).

"...എന്നാൽ അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽനിന്ന് രക്ഷിച്ചു. വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്" (29/24).

**ഇബ്റാഹീം നബി(അ)യുടെ പ്രാർഥനകൾ**

വിശ്വാസികളായ മാതാപിതാക്കൾ മറ്റെന്തിനെക്കാളും ആഗ്രഹിക്കുന്ന കാര്യമാണ് തങ്ങൾക്കുവേണ്ടി ആത്മാർഥമായി പ്രാർഥിക്കുന്ന നല്ലവരായ മക്കളുണ്ടാവണമെന്നത്. അധർമങ്ങൾ ചെയ്യാത്ത, മതത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങി ജീവിക്കുന്ന മക്കളുണ്ടാവുക എന്നത് മഹത്തായ അനുഗ്രഹമാണ്.

സദ്‌വൃത്തനായ മകനെ ലഭിക്കുവാൻ ഇബ്റാഹീം നബി(അ) പ്രാർഥിച്ചു (37/100).

മക്കൾ നമസ്കാരം നിലനിർത്തുന്നവരായി മാറുവാൻ അദ്ദേഹം പ്രാർഥിച്ചു: "എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ" (14/40).

വിഗ്രഹാരാധനയിൽനിന്ന് മക്കൾ രക്ഷപ്പെടാൻ പ്രാർഥിച്ചു: "...എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽനിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ" (14/35).

നാടിന്റെ നിർഭയത്വത്തിന് വേണ്ടിയും(14/35) സത്യനിഷേധികളുടെ പരീക്ഷണങ്ങളിൽനിന്നുള്ള രക്ഷക്കായും(60/4,5) ഇബ്റാഹീം നബി നടത്തിയ പ്രാർഥനകൾ ശ്രദ്ധേയമാണ്.

**ഇബ്റാഹീം നബി(അ)യുടെ വസ്വിയ്യത്ത്**

അല്ലാഹു പറയുന്നു: "ഇബ്റാഹീമും യഅ്ക്വൂബും അവരുടെ മക്കളോട് ഇത് ഉപദേശിക്കുകകൂടി ചെയ്തു: എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ (ഇസ്‌ലാമിനെ) വിശിഷ്ടമായി തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ നിങ്ങൾ മുസ്‌ലിംകളായല്ലാതെ മരണപ്പെടരുത്" (2/132).

*(അവസാനിച്ചു)*




# ശിയാക്കളുടെ വ്യാജവാദങ്ങളും കുരുക്കിലകപ്പെട്ട സമസ്തയും


മൂസ സ്വലാഹി കാര
:97473 45768


ആശയതലത്തിലും പ്രമാണങ്ങളെ സമീപിക്കുന്ന രീതിയിലും ശിയാ-സമസ്ത വിഭാഗങ്ങൾ തമ്മിലുള്ള ഒരുമയും ബന്ധവും സമൂഹത്തിന് സുപരിചിതമാണ്. ഇസ്‌ലാമിനെ തകർക്കാൻ ശിയാക്കൾ ഒരുക്കിയ ഓരോ തന്ത്രത്തെയും പിൻപറ്റിയാണ് സമസ്ത മുന്നോട്ടു നീങ്ങുന്നത്. അന്ധവിശ്വാസങ്ങളെ വിത്തിട്ട് മുളപ്പിച്ച് വളർത്തി വലുതാക്കുന്ന ഇവർ അഹ്‌ലുസ്സുന്ന വൽജമാഅയുടെ പ്രതിരൂപമായി സ്വയം അവരോധിതരാകുമ്പോൾ ക്വുർആനിന്റെ താക്കീതാണ് ഓർമപ്പെടുത്താനുള്ളത്. അല്ലാഹു പറയുന്നു: "വിശ്വാസത്തിന് ശേഷം അവിശ്വാസം സ്വീകരിച്ച ഒരു ജനതയെ അല്ലാഹു എങ്ങനെ നേർവഴിയിലാക്കും? അവരാകട്ടെ (അല്ലാഹുവിന്റെ) ദൂതൻ സത്യവാനാണെന്ന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവർക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയിട്ടുമുണ്ട്. അക്രമികളായ ആ ജനവിഭാഗത്തെ അല്ലാഹു നേർവഴിയിലാക്കുന്നതല്ല. അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയുമെല്ലാം ശാപം അവരുടെ മേലുണ്ടായിരിക്കുക എന്നതത്രെ അവർക്കുള്ള പ്രതിഫലം" (ക്വുർആൻ 3:86-87).

ഈ ആയത്തിനെ വിശദീകരിച്ച് ഇബ്നു കസീർ(റഹി) പറഞ്ഞു: "അവരിലേക്ക് എന്തൊന്നുകൊണ്ടാണോ പ്രവാചകർ വന്നിട്ടുള്ളത് അതിന്റെ സത്യസന്ധതയെ ബോധ്യപ്പെടുത്തുന്ന തെളിവുകളും പ്രമാണങ്ങളും അവർക്കെത്തുകയും കാര്യം അവർക്ക് വെളിവാകുകയും ചെയ്തിട്ടുണ്ട്. പിന്നീടവർ ശിർക്കിന്റെ ഇരുട്ടിലേക്ക് തിരിച്ചുനടന്നു. ഈ അന്ധതയെ അവർ പുൽകിയതിന് ശേഷം അവർ എങ്ങനെ നേർമാർഗത്തിനർഹരാകും?"



**ആശയതലത്തിലും പ്രമാണങ്ങളെ സമീപിക്കുന്ന രീതിയിലും ശിയാ-സമസ്ത വിഭാഗങ്ങൾ തമ്മിലുള്ള ഒരുമയും ബന്ധവും സമൂഹത്തിന് സുപരിചിതമാണ്. ഇസ്‌ലാമിനെ തകർക്കാൻ ശിയാക്കൾ ഒരുക്കിയ ഓരോ തന്ത്രത്തെയും പിൻപറ്റിയാണ് സമസ്ത മുന്നോട്ടു നീങ്ങുന്നത്. അന്ധവിശ്വാസങ്ങളെ വിത്തിട്ട് മുളപ്പിച്ച് വളർത്തി വലുതാക്കുന്ന ഇവർ അഹ്‌ലുസ്സുന്ന വൽജമാഅയുടെ പ്രതിരൂപമായി സ്വയം അവരോധിതരാകുമ്പോൾ ക്വുർആനിന്റെ താക്കീതാണ് ഓർമപ്പെടുത്താനുള്ളത്. അല്ലാഹു പറയുന്നു: “വിശ്വാസത്തിന് ശേഷം അവിശ്വാസം സ്വീകരിച്ച ഒരു ജനതയെ അല്ലാഹു എങ്ങനെ നേർവഴിയിലാക്കും? അവരാകട്ടെ (അല്ലാഹുവിന്റെ) ദൂതൻ സത്യവാനാണെന്ന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവർക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയിട്ടുമുണ്ട്. അക്രമികളായ ആ ജനവിഭാഗത്തെ അല്ലാഹു നേർവഴിയിലാക്കുന്നതല്ല. അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയുമെല്ലാം ശാപം അവരുടെ മേലുണ്ടായിരിക്കുക എന്നതത്രെ അവർക്കുള്ള പ്രതിഫലം'' (ക്വുർആൻ 3:86-87).**

ആദ്യ സൃഷ്ടി എന്താണെന്നതിനെ പറ്റിയുള്ള ശിയാക്കളുടെ വ്യത്യസ്ത വീക്ഷണങ്ങളിൽ പെട്ടതാണ് അത് നബി പ്രകാശമാണെന്ന വിശ്വാസം. മജ്‌ലിസിയുടെ ബിഹാറുൽ അൻവാർ, കുലൈനിയുടെ ഉസ്വൂലുൽ കാഫി, സ്വദൂകിന്റെ ഇലലുശ്ശറാഇഹ്, അഹ്സായിയുടെ അവാലിഅല്ലായിലി, അബ്ദുൽ അസീസ് അദിബാഹിയുടെ അൽഇബ്‌രീസ്, ഖസ്ത്വല്ലാനിയുടെ അൽമവാഹിബുലദുൻയ്യ, ബൂസ്വീരിയുടെ ബുർദ എന്നീ ഗ്രന്ഥങ്ങളിൽ ഇത് സംബന്ധിച്ച നിർമിത ഹദീസുകൾ വ്യാപകമാണ്.

സമസ്തയുടെ നേതാക്കന്മാർ അവരുടെ ആശയപ്രചരണത്തിന്റെ മുഖ്യവിഷയമായി ഇതിനെ കാണുന്നു എന്നതിന്റെ ചില ഉദാഹരണങ്ങൾ നോക്കൂ.

“മുഹമ്മദിയ്യാ തൽസ്വരൂപം. നൂറാനിയ്യത്താണ് മുഹമ്മദിയ്യാ സ്വരൂപം. സ്വർഗനരകങ്ങളെല്ലാം ഉണ്ടായത് അതിൽനിന്നാണ്. സുഖദുഃഖങ്ങളുടെയൊക്കെ സ്രോതസ്സാണത്” (സമ്പൂർണ്ണ മനുഷ്യൻ/ഭാഗം 3/വിവ: കെ.വി.എം പന്താവൂർ/പേജ് 1).

“ആരായിരുന്നു റസൂൽ(സ)? ഈ ചോദ്യത്തിന് തൃപ്തമായ നിവാരണം നൽകാൻ സൃഷ്ടികൾക്കു കഴിയില്ല. അത്രക്ക് മുകളിലാണ് നബി(സ)യുടെ സ്ഥാനം. ആദ്യമായി സൃഷ്ടിക്കപ്പെട്ടത് അവിടുത്തെ വിശുദ്ധ ചൈതന്യമായിരുന്നു'' (സുന്നി വോയ്സ്/2011 ഫെബ്രുവരി/പേജ് 18).

“ആദിമ സൃഷ്ടിയായ ആ ദിവ്യപ്രകാശം. അന്ത്യ പ്രവാചകനായ മുഹമ്മദ് നബി(സ)യുടെ പ്രകാശമായിരുന്നു അത്. അരൂപിയായ ആ പ്രകാശത്തിന് തന്നെ അല്ലാഹു നാമകരണം ചെയ്തിരുന്നു; മുഹമ്മദ്. സ്തുതിക്കപ്പെട്ടവൻ എന്നർഥമുള്ള സുന്ദരനാമം. അഖില ചരാചരങ്ങളും സൃഷ്ടിക്കപ്പെട്ടത് ആ പ്രകാശത്തിൽനിന്നാണ്'' (മൗലീദിലെ ചരിത്രകഥകൾ/കെ.എച്ച് കോട്ടപ്പുഴ/പേജ് 8).

“ഇങ്ങനെ മുഹമ്മദിയ്യാ തേജസ്സിൽനിന്ന് അല്ലാഹു നരകവും സ്വർഗവും അവയിലെ സുഖാനുഭൂതികളും നരകയാതനകളുമെല്ലാം പടച്ചപ്പോൾ ആ തേജസ്സിൽനിന്നു തന്നെ ആദമിന്റെ ഒരു രൂപം, മുഹമ്മദിയ്യാ രൂപത്തിന്റെ പകർപ്പായി നിർമിച്ചു. എന്നാൽ ആദം സ്വർഗത്തിൽനിന്ന് പുറത്തായപ്പോൾ മുഹമ്മദിയ്യാ രൂപത്തിന്റെ ജീവൻ ആദമിന്നു നഷ്ടമായി'' (സമ്പൂർണ മനുഷ്യൻ/ഭാഗം 3/ പേജ് 46).

നബി(സ്വ) അല്ലാഹുവിന്റെ സൃഷ്ടികളിൽ ശ്രേഷ്ഠരും മനുഷ്യപ്രകൃതിയോടെ ജീവിച്ചവരുമാണ്. പ്രവാചകനിയോഗവും അദ്ദേഹത്തിന് നൽകപ്പെട്ട സന്ദേശവും പ്രകാശമാണെന്ന പ്രമാണപക്ഷത്താണ് അഹ്‌ലുസ്സുന്ന നിലകൊള്ളുന്നത്. അല്ലാഹു പറയുന്നു: “നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്'' (33:45,46).

ദിവ്യബോധനത്തെ കുറിച്ച് ക്വുർആൻ പറയുന്നു: “അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതു മുഖേന നമ്മുടെ ദാസൻമാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്'' (42:52).

മക്കാമുശ്‌രിക്കുകൾ പ്രവാചകത്വത്തെ നിഷേധിക്കാൻ വേണ്ടി ഉന്നയിച്ചതായി ക്വുർആൻ എടുത്തു പറഞ്ഞ 'ഒരു മനുഷ്യനെയാണോ ദൂതനാക്കിയത്' എന്ന കാരണത്തോടാണ് നബി(സ)യുടെ പേരിൽ ഇത്തരം കള്ളവാദങ്ങൾ പരത്തുന്നവരെ പണ്ഡിതന്മാർ സാദൃശ്യപ്പെടുത്തിയത്. അല്ലാഹു പറയുന്നു: "ജനങ്ങൾക്ക് സന്മാർഗം വന്നപ്പോൾ അവർ അത് വിശ്വസിക്കുന്നതിന് തടസ്സമായത്, അല്ലാഹു ഒരു മനുഷ്യനെ ദൂതനായി നിയോഗിച്ചിരിക്കുകയാണോ എന്ന അവരുടെ വാക്ക് മാത്രമായിരുന്നു" (17:94).

"ഞാൻ അല്ലാഹുവിന്റെ പ്രകാശമാണ്,' 'എല്ലാ കാര്യങ്ങളും എന്റെ പ്രകാശത്തിൽനിന്നാണ്,' 'സകല ചരാചരങ്ങളും സൃഷ്ടിക്കപ്പെടാൻ കാരണം നബി(സ്വ)യാണ്,' 'ആദ്യമായി അല്ലാഹു പടച്ചത് നബിയുടെ പ്രകാശമാണ്' എന്നീ നിർമിത വാക്കുകളാണ് ഇരു വിഭാഗത്തിന്റെയും തെളിവുകൾ. ഇത് അല്ലാഹു ചെയ്യാത്തത് അവന്റെ മേൽ കെട്ടിച്ചമക്കലും നബി(സ) പറയാത്തത് അദ്ദേഹത്തിന്റെ മേൽ



ആരോപിക്കലുമാണ്. ക്വുർആനിന്റെ മുന്നറിയിപ്പിനെ ഭയക്കാത്തവർക്ക് എന്തും പറയാമല്ലോ! അല്ലാഹു പറയുന്നു: "ഉയിർത്തെഴുന്നേൽപിന്റെ നാളിൽ, അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞവരുടെ മുഖങ്ങൾ കറുത്തിരുണ്ടതായി നിനക്ക് കാണാം. നരകത്തിലല്ലയോ അഹങ്കാരികൾക്കുള്ള വാസസ്ഥലം!" (39:60).

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യോട്, ചിലയാളുകൾ പറയാറുള്ള 'നിങ്ങൾ ഇല്ലായിരുന്നെങ്കിൽ അല്ലാഹു അർശ്, കുർസിയ്യ്, ഭൂമി, ആകാശം, സൂര്യൻ, ചന്ദ്രൻ, ഇതല്ലാത്ത മറ്റു വസ്തുക്കൾ തുടങ്ങിയവയൊന്നും സൃഷ്ടിക്കുമയിരുന്നില്ല' എന്ന ഹദീസ് സ്വീകാര്യമാണോ എന്ന് ചോദിക്കപ്പെട്ടതിന് അദ്ദേഹം ഇപ്രകാരം മറുപടി നൽകി: "ആദം സന്തതികളേ, നേതാവും സൃഷ്ടികളിൽ ഉൽകൃഷ്ടരും അതോടൊപ്പം അവരിൽ ഏറെ ആദരിക്കപ്പെട്ടവരുമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് പറഞ്ഞത്. 'അദ്ദേഹം കാരണത്താലാണ് ഈ പ്രപഞ്ചം തന്നെ പടച്ചത്,' 'അദ്ദേഹം ഇല്ലായിരുന്നെങ്കിൽ അല്ലാഹുഅർശ്, കുർസിയ്യ്, ഭൂമി, ആകാശം, സൂര്യൻ, ചന്ദ്രൻ, ഇതല്ലാത്ത മറ്റു വസ്തുക്കൾ എന്നിവയൊന്നും സൃഷ്ടിക്കുമയിരുന്നില്ല' എന്നത് പ്രവാചകനിൽ നിന്ന് സ്ഥിരപ്പെട്ടോ, ദുർബലമായോ ഹദീസായി വന്നിട്ടില്ല. നബി(സ)യുടെ ഹദീസിൽ അറിവുള്ളവരിൽനിന്ന് ആരുംതന്നെ ഇത് ഉദ്ധരിച്ചിട്ടില്ല. സ്വഹാബത്തിനും അറിയാത്ത, പറഞ്ഞവൻ ആരെന്നറിയാത്ത ഒരു വാക്കാണിത്" (മജ്മൂഉൽ ഫതാവാ).

ഇമാം ദഹബി(റഹി), ഇബ്നു ഹജർ(റഹി), ശൗക്കാനി(റഹി) എന്നിവരും ഇതിന്റെ പരമ്പരക്ക് അടിസ്ഥാനമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അഹ്‌ലുസ്സുന്ന വൽജമാഅയുടെ പ്രമുഖരായ പണ്ഡിതന്മാർക്കും അവരുടെ ഗ്രന്ഥങ്ങൾക്കും പരിഗണനയോ പ്രാധാന്യമോ നൽകാത്ത ആളുകളാണ് ശിയാക്കൾ. ഖുലൈനിയുടെ അൽകാഫിയെ സംബന്ധിച്ച് ഖുമ്മിയുടെ 'അൽഖുമ്മി വൽ അൽഖാബ്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞത് കാണുക: "മതഗ്രന്ഥങ്ങളിൽ ഏറ്റവും മഹത്തായതും വളരെ ശ്രേഷ്ഠമായതും ഒരു ഇമാമും ഇതുപോലെ രചിക്കാത്തതുമായ ഗ്രന്ഥമാണിത്. ഇസ്‌ലാമിൽ ഇതിന് തുല്യമായതോ ഇതിനോടടുത്തതോ ആയി മറ്റൊന്ന് രചിക്കപ്പെട്ടിട്ടില്ല."

**അഹ്‌ലുസ്സുന്ന വൽജമാഅയുടെ പ്രമുഖരായ പണ്ഡിതന്മാർക്കും അവരുടെ ഗ്രന്ഥങ്ങൾക്കും പരിഗണനയോ പ്രാധാന്യമോ നൽകാത്ത ആളുകളാണ് ശിയാക്കൾ. ഖുലൈനിയുടെ അൽകാഫിയെ സംബന്ധിച്ച് ഖുമ്മിയുടെ 'അൽഖുമ്മി വൽ അൽഖാബ്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞത് കാണുക: "മതഗ്രന്ഥങ്ങളിൽ ഏറ്റവും മഹത്തായതും വളരെ ശ്രേഷ്ഠമായതും ഒരു ഇമാമും ഇതുപോലെ രചിക്കാത്തതുമായ ഗ്രന്ഥമാണിത്. ഇസ്‌ലാമിൽ ഇതിന് തുല്യമായതോ ഇതിനോടടുത്തതോ ആയി മറ്റൊന്ന് രചിക്കപ്പെട്ടിട്ടില്ല."**

**ശൈഖ് ജീലാനിയെക്കുറിച്ച് എഴുതുന്നു: "ഇസ്‌ലാമിക അധ്യാത്മിക ദർശനത്തിന്റെ പ്രഭ പരത്തിയ അതുല്യ ജ്യോതിസ്സായിരുന്നു ഖുതുബുൽ അഖ്താബ് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ). പന്ത്രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബഗ്ദാദിൽ ജീവിച്ച മഹാത്മാവിനെ കുറിച്ചുള്ള ഓർമകളും ശൈഖിന്റെ പേരിൽ അറിയപ്പെട്ട അധ്യാത്മിക ശൃംഖലയായ ഖാദിരിയ്യ ത്വരീഖത്തും ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിലും ജ്വലിച്ചു നിൽക്കുന്നു എന്നതുതന്നെ മഹാന്റെ ഔന്നത്യം മനസ്സിലാക്കിത്തരുന്നുണ്ട്'' (സുന്നിവോയ്സ്/ 2021 നവംബർ /16-30).**

**അഹ്‌ലുസ്സുന്നയുടെ ശത്രു വിഭാഗമായ ബറേൽവി വിഭാഗത്തിന്റെ നേതാവ് അഹ്മദ് റളാഖാൻ ബറേൽവിയെപ്പറ്റി എഴുതിയത് കാണുക: "എല്ലാ ഫന്നുകളിലും അവഗാഹമുള്ള മഹാപണ്ഡിതനായിരുന്നു ബഹുമാനപ്പെട്ടവർ. അഹ്‌ലുസ്സുന്നയുടെ അഖീദ സംരക്ഷിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതാണ്. അവരും നമ്മളും അഖീദയിൽ ഒരേ നിലപാടുകാരാണ്'' (സുന്നിവോയ്സ് / 2020 ജൂലൈയ് 1 -15/പേജ് 32).**



ശൈഖ് മുഫീദിന്റെ അൽഅമാലി; സ്വദൂഖ്, മജ്‌ലിസി എന്നിവരുടെ അൽഇഅ്തികാദാത്ത്, ദൈലമിയുടെ ഇർശാദുൽ ഖുലൂബ് എന്നിവയാണ് വിശ്വാസകാര്യങ്ങളിലെ അവലംബ കൃതികൾ. ഖുമ്മി, കുലൈനി, മജ്‌ലിസി, ഇർബലി, ആമിലി എന്നിവരാണ് ഇവരുടെ പ്രധാന ഹദീസ് പണ്ഡിതന്മാർ. അൽകാഫി, തഅ്ദീബുൽ അഹ്കാം, അൽ ഇസ്തിബ്സ്വാർ, മൻ ലാ യഹ്ളുർഹുൽ ഫഖീഹ് തുടങ്ങിയവ ശിയാക്കളുടെ അടിസ്ഥാന ഗ്രന്ഥങ്ങൾ എന്നാണ് അറിയപ്പെടുന്നത്.

മതവിഷയങ്ങൾ ശരിയായി ചേർക്കപ്പെട്ട ഹദീസ് ഗ്രന്ഥങ്ങൾ, തഫ്സീറുകൾ, അഖീദ ഗ്രന്ഥങ്ങൾ, അടിസ്ഥാന നിയമങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഇവയിൽ ഒന്നുപോലും ഇതിലില്ല. അഹ്‌ലുസ്സുന്നയുടെ അവലംബ രേഖകളെ സംസാരത്തിൽ മാത്രം ഒതുക്കുന്ന പുരോഹിതന്മാരുടെ അവസ്ഥകൂടി പരിശോധിക്കാം.

സൂഫിസവും വചനശാസ്ത്രയും ജീവവായുവായി സ്വീകരിച്ച അബ്ദുൽ കരീം ജിയലിയുടെ അൽ ഇൻസാനുൽ കാമിൽ എന്ന പുസ്തകത്തെപ്പറ്റി പറയുന്നു: "ഇന്നോളം പലരും പല മഹാഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടെങ്കിലും വിജ്ഞാന സാമ്രാജ്യത്തിലെ സൂര്യൻ എന്നറിയപ്പെടുന്ന മഹാനായ ശൈഖ് അബ്ദുൽ കരീമുൽ ജിയലി(റ) അവർകളുടെ ഇൻസാൻകാമിൽ പോലെ ഉപകാരപ്രദമായി തീർന്നിട്ടുള്ള കൃതികൾ വിരളമാണ്. ആത്മീയശുദ്ധിക്കുള്ള വഴികളും ദീനിന്റെ ആന്തരാർഥങ്ങൾ വിവരിക്കുന്നതുമായ ആത്മ സംസ്ക്കരണ വിജ്ഞാന ഗ്രന്ഥങ്ങൾ പലതുമുണ്ടെങ്കിലും മഹാനായ ശൈഖ് അബ്ദുൽ കരീമുൽ ജിയലി(റ) അവർകളുടെ 'ഇൻസാൻകാമിൽ' എന്ന മഹാഗ്രന്ഥം ഒരു അത്ഭുത പ്രതിഭാസമായി നിലകൊള്ളുന്നു'' (അൽ ഇൻസാനുൽ കാമിൽ/പേജ് 9).

കെ.വി.എം. പന്താവൂർ എഴുതുന്നു: "ആത്മജ്ഞാന രഹസ്യങ്ങൾ ഇവിടെ അലയടിച്ചിരമ്പിമറിയുന്നു. പുതുമകൾ പലതുമിവിടെ കാണാം. ഗ്രീക്കു തത്വശാസ്ത്രജ്ഞനായ പ്ലേറ്റോയുടെ ശിഷ്യനാണ് ഖിള്ർ നബി. ഖിള്റിന്റെ ശിഷ്യനാണ് ഇസ്ക്കന്തർ ചക്രവർത്തിയും അരിസ്റ്റോട്ടിലും. പ്ലേറ്റോ ഇന്നും ഡ്രാവന്തു മലയിൽ ജീവിക്കുന്നു; മാഉൽ ഹയാത്ത് കുടിച്ചതിനാൽ. ഇതൊക്കെ ഈ കൃതിയിൽ ഉണ്ട്. അതിന്റെ ഒന്നാം വാല്യമാണിത്. ശരീഅത്തിന്റെ ചകിരിയും ചിരട്ടയും കേടുവരാതെ തന്നെ ഉൾകാമ്പു കാണിച്ചുതരുന്ന ആത്മരഹസ്യ ജ്ഞാനഗ്രന്ഥം. ഇതിന്റെ ത്വരീഖത്തിലൂടെ നിങ്ങൾ മുന്നേറുമ്പോൾ ഒരു കാന്ത മലക്ക് മുമ്പിലൂടെ കടന്നുപോകുന്ന കപ്പൽപോലെ ഭയങ്കര പ്രകമ്പനമുണ്ടായേക്കാം, സാരമില്ല. കലങ്ങിത്തെളിഞ്ഞുകൊള്ളും. തെളിഞ്ഞാൽ ഖൽബും ശാന്തമാകും. പിന്നെ എങ്ങോട്ടു നോക്കിയാലും അല്ലാഹുവിനെയല്ലാതെ കാണാത്ത അവസ്ഥ വരും'' (അൽഇൻസാനുൽ കാമിൽ പരിഭാഷ).

ശൈഖ് ജീലാനിയെക്കുറിച്ച് എഴുതുന്നു: "ഇസ്‌ലാമിക അധ്യാത്മിക ദർശനത്തിന്റെ പ്രഭ പരത്തിയ അതുല്യ ജ്യോതിസ്സായിരുന്നു ഖുതുബുൽ അഖ്താബ് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ). പന്ത്രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബഗ്ദാദിൽ ജീവിച്ച മഹാത്മാവിനെ കുറിച്ചുള്ള ഓർമകളും ശൈഖിന്റെ പേരിൽ അറിയപ്പെട്ട അധ്യാത്മിക ശൃംഖലയായ ഖാദിരിയ്യ ത്വരീഖത്തും ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിലും ജ്വലിച്ചു നിൽക്കുന്നു എന്നതുതന്നെ മഹാന്റെ ഔന്നത്യം മനസ്സിലാക്കിത്തരുന്നുണ്ട്'' (സുന്നിവോയ്സ്/ 2021 നവംബർ /16-30).

*(തുടരും)*





# വിടവാങ്ങൽ ഹജ്ജ്

ഹുസൈൻ സലഫി
: +971 50 634 6963

നബി(സ്വ) ഹജ്ജിന് പുറപ്പെടുന്ന വിവരം പ്രഖ്യാപിച്ചു. ആ വിളംബരം മദീനയിലും പരിസരത്തും വലിയ ആഹ്ളാദമുണ്ടാക്കി. നാടിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി ആളുകൾ ഒഴുകാൻ തുടങ്ങി. നബി(സ്വ)യുടെ കൂടെ, അവിടുത്തെ നേതൃത്വത്തിൽ ഹജ്ജ് ചെയ്യുക എന്നത് എല്ലാവരുടെയും ആഗ്രഹമായിരുന്നു. അങ്ങനെ മദീനയിലുള്ളവരും പരിസര പ്രദേശത്തുള്ളവരുമായ ഒരു ലക്ഷത്തോളം വരുന്ന സംഘവുമായി നബി(സ്വ) മക്കയിലേക്ക് പുറപ്പെട്ടു. ആ രംഗത്തിന് സാക്ഷിയായ ജാബിർ(റ) അത് വിവരിക്കുന്നത് കാണുക:

"ഞാൻ നബി(സ്വ)യുടെ മുന്നിലേക്ക് നോക്കി; വാഹനപ്പുറത്തും നടന്നും (ധാരാളം സ്വഹാബിമാർ), അവിടുത്തെ വലതുഭാഗത്തും അതുപോലെ, അവിടുത്തെ ഇടതുഭാഗത്തും അതുപോലെ, അവിടുത്തെ പിന്നിലും അതുപോലെ (ഞാൻ കാണുകയുണ്ടായി)" (മുസ്‌ലിം).

ഒരു ലക്ഷത്തി ഇരുപത്തി നാലായിരം എന്നും ഒരു ലക്ഷത്തി നാൽപതിനായിരം എന്നും അന്ന് നബി(സ്വ)യുടെ കൂടെയുള്ളവരുടെ എണ്ണം പറയുന്ന റിപ്പോർട്ടുകൾ കാണാവുന്നതാണ്. ആ യാത്രയിൽ നബി(സ്വ)യുടെ കൂടെ

അന്ന് ജീവിച്ചിരിപ്പുണ്ടായിരുന്ന പത്നിമാരെയും മകൾ ഫാത്വിമ(റ) യെയും കൂട്ടിയിരുന്നു.

മദീനയിൽനിന്നും ഹജ്ജിനും ഉംറക്കുമായി പുറപ്പെടുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള മീക്വാത്തിൽ (ദുൽഹുലൈഫയിൽ) എത്തി. അപ്പോൾ നബി(സ്വ) അവിടെ ഇറങ്ങി രാത്രി താമസിച്ചു. പിറ്റേന്ന് അവിടെവെച്ച് ഇഹ്റാമിൽ പ്രവേശിച്ചു. തൽബിയത്ത് മുഴക്കി ആ വലിയസംഘം മക്കയിലേക്ക് നീങ്ങി. ദുൽഹിജ്ജ നാലിന് അവർ മക്കയിലെത്തി, ഉംറ നിർവഹിച്ചു.

ദുൽഹിജ്ജ എട്ടിനാണല്ലോ ഹജ്ജ് കർമം ആരംഭിക്കുന്നത്. അന്ന് നബി(സ്വ)യും സ്വഹാബിമാരും മിനായിലേക്ക് പോയി. അന്ന് രാത്രി മിനായിൽ കഴിച്ചുകൂട്ടി. പിറ്റേന്ന് സൂര്യോദയത്തിന് ശേഷം തന്റെ വാഹനമായ ക്വസ്വാഅ് എന്ന ഒട്ടകത്തിന്റെ പുറത്ത് അറഫയിലേക്ക് നീങ്ങി. അറഫയുടെ സമീപം നമിറയിൽ നബി(സ്വ)ക്ക് വേണ്ടി ഒരു ചെറിയ തമ്പ് സ്ഥാപിച്ചിരുന്നു. അതിൽ നബി(സ്വ) അൽപസമയം വിശ്രമിച്ചു. സൂര്യൻ മധ്യത്തിൽനിന്നും തെറ്റി ദുഹ്റിന്റെ സമയം ആയപ്പോൾ അറഫയിലേക്ക് നീങ്ങി. ബത്വ് നുൽവാദിയിൽ എത്തി. വാഹനപ്പുറത്തുനിന്നും ഇറങ്ങി. പിന്നീട് അവിടുന്ന് അത്യുച്ചത്തിൽ പ്രസംഗം തുടങ്ങി. റബീഅ ഇബ്നു ഉമയ്യ(റ) ജനങ്ങൾ കേൾക്കുന്നതിന് വേണ്ടി നബി(സ്വ)യുടെ വാക്കുകൾ കുറച്ച് അപ്പുറത്ത് വെച്ച് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഈ പ്രസംഗമാണ് നബി(സ്വ)യുടെ പ്രസിദ്ധമായ 'അറഫാ പ്രസംഗം.' അതുതന്നെയാണ് അവിടുത്തെ 'വിടവാങ്ങൽ പ്രസംഗം' എന്ന പേരിലും അറിയപ്പെടുന്നത്.

ഇത്രയും കാലമായി താൻ വളർത്തിയെടുത്ത അനുചരന്മാരെ നിറകണ്ണുകളോടെ നബി(സ്വ) കാണുന്ന രംഗമായിരുന്നു അറഫയിലെ ആ സംഗമം. എല്ലാ അന്ധവിശ്വാസങ്ങളിൽനിന്നും അകന്ന് സത്യവിശ്വാസത്തെ പുൽകിയ, അധർമങ്ങളിൽനിന്ന് ധർമത്തിലേക്ക് മടങ്ങിയ, ദുഃസ്വഭാവങ്ങളിൽനിന്ന് സൽസ്വഭാവത്തിലേക്ക് മടങ്ങിയ, സനാതന മൂല്യങ്ങളെ പകർന്നു നൽകിയ, ജനങ്ങൾക്ക് മാതൃകയാകും വിധം എല്ലാ നന്മകളുടെയും അടിത്തറയിൽ വാർത്തെടുക്കപ്പെട്ട അനുചരന്മാർ നബി(സ്വ)യുടെ മുമ്പിൽ നിൽക്കുന്ന, സർവരും നേതാവിന്റെ പ്രസംഗത്തിന് സാകൂതം ചെവികൊടുത്ത് നിൽക്കുന്ന രംഗം.

നബി(സ്വ)യുടെ വിടവാങ്ങൽ പ്രസംഗത്തിൽ പ്രധാനപ്പെട്ട ധാരാളം ഉപദേശങ്ങളും കൽപനകളും അനുചരന്മാർക്ക് കൈമാറിയിരുന്നു. മറ്റു ചില കാര്യങ്ങൾ മിനായിലെ പ്രസംഗത്തിലും പറഞ്ഞിരുന്നു. അറഫയിലെ പ്രസംഗത്തിന് പുറമെ മിനയിൽ വെച്ച് നബി(സ്വ) രണ്ട് തവണ പ്രസംഗിച്ചിട്ടുണ്ടെന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്.

അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തതിന് ശേഷം അവിടുന്ന് പ്രസംഗം തുടരുകയാണ്: "...ഓ ജനങ്ങളേ, ഇനി എനിക്ക് മറ്റൊരു ഹജ്ജ് നിർവഹിക്കാൻ സാധിച്ചുകൊള്ളണമെന്നില്ല. ഇനി ഞാൻ നിങ്ങളെ കണ്ടുവെന്ന് വരില്ല...." തുടർന്ന് കുറെ കാര്യങ്ങൾ അവിടുന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചു:

"തീർച്ചയായും നിങ്ങളുടെ രക്തവും സമ്പത്തും നിങ്ങൾക്ക് ഈ ദിവസത്തിന്റെ പവിത്രതപോല, ഈ മാസത്തിന്റെ പവിത്രതപോലെ, ഈ നാടിന്റെ പവിത്രതപോലെ പവിത്രമാണ്. അറിയുക! അജ്ഞാന കാലത്തെ എല്ലാ കാര്യങ്ങളും എന്റെ കാൽക്കീഴിൽ മൂടിയിരിക്കുന്നു. അജ്ഞാനകാലത്തെ രക്തച്ചൊരിച്ചിലും (ഇവിടെ) മൂടിയിരിക്കുന്നു. ആദ്യമായി ഞാൻ ഒഴിവാക്കുന്നത് ഞങ്ങളുടെ രക്തങ്ങളിലെ റബീഅയുടെ മകന്റെ രക്തമാണ്. അദ്ദേഹം ബനൂ സഅ്ദിൽ മുലയൂട്ടപ്പെട്ടവനായിരുന്നു. അദ്ദേഹത്തെ ഹുദയ്ൽ വധിക്കുകയുണ്ടായി. ജാഹിലിയ്യത്തിലെ

**നബി(സ്വ) ഹജ്ജിന് പുറപ്പെടുന്ന വിവരം പ്രഖ്യാപിച്ചു. ആ വിളംബരം മദീനയിലും പരിസരത്തും വലിയ ആഹ്ളാദമുണ്ടാക്കി. നാടിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി ആളുകൾ ഒഴുകാൻ തുടങ്ങി. നബി(സ്വ)യുടെ കൂടെ, അവിടുത്തെ നേതൃത്വത്തിൽ ഹജ്ജ് ചെയ്യുക എന്നത് എല്ലാവരുടെയും ആഗ്രഹമായിരുന്നു. അങ്ങനെ മദീനയിലുള്ളവരും പരിസര പ്രദേശത്തുള്ളവരുമായ ഒരു ലക്ഷത്തോളം വരുന്ന സംഘവുമായി നബി(സ്വ) മക്കയിലേക്ക് പുറപ്പെട്ടു**

പലിശയും അവസാനിപ്പിച്ചിരിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്ന ആദ്യത്തെ പലിശ ഞങ്ങളുടെ പലിശയായ അബ്ബാസ് ഇബ്നു അബ്ദിൽ മുത്ത്വലിബിന്റെതാണ്. തീർച്ചയായും അത് മുഴുവനും (ഇവിടെ) അവസാനിപ്പിച്ചിരിക്കുന്നു. അല്ലാഹുവിനെ സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ അവരെ സ്വീകരിച്ചിട്ടുള്ളത് അല്ലാഹുവിന്റെ അമാനത്തിന്റെ പേരിലാകുന്നു. അല്ലാഹുവിന്റെ വചനം കൊണ്ടാണ് അവരുടെ ഗുഹ്യഭാഗത്തെ അവൻ നിങ്ങൾക്ക് അനുവദനീയമാക്കിയത്. നിങ്ങൾക്ക് ഇഷ്ടമില്ലാത്ത ഒരാളെയും നിങ്ങളുടെ വിരിപ്പുകളിൽ കിടത്താതിരിക്കുക എന്നത് നിങ്ങളോട് അവരുടെ മേലുള്ള കടമയാകുന്നു. ഇനി അത് അവർ ചെയ്താൽ മുറിവ് പറ്റാത്ത വിധത്തിൽ നിങ്ങൾ അവരെ അടിക്കുക. അവരോട് നിങ്ങൾക്കുള്ള കടമ മാന്യമായ രൂപത്തിലുള്ള അവരുടെ ഭക്ഷണം, വസ്ത്രം എന്നിവയാകുന്നു. നിങ്ങളിൽ ഒരു കാര്യം ഞാൻ ഉപേക്ഷിച്ചുപോകുന്നു. അത് മുറുകെ പിടിച്ചാൽ അതിന് ശേഷം നിങ്ങൾ പിഴച്ചുപോകുന്നതേയല്ല; അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു (അത്). നിങ്ങൾ എന്നെപ്പറ്റി ചോദിക്കപ്പെടുന്നതാണ്. അപ്പോൾ നിങ്ങൾ എന്താണ് പറയുക?" അവർ പറഞ്ഞു: "താങ്കൾ (ഞങ്ങൾക്ക് സന്ദേശം) എത്തിക്കുകയും (ബാധ്യത) നിർവഹിക്കുകയും (ഞങ്ങളോട്) ഗുണകാംക്ഷ കാണിക്കുകയും ചെയ്തതിന് ഞങ്ങൾ സാക്ഷികളാകുന്നു." അവിടുന്ന് തന്റെ ചൂണ്ടുവിരൽ ആകാശത്തേക്ക് ഉയർത്തുകയും ജനങ്ങളിലേക്ക് അത് ചൂണ്ടുകയും ചെയ്തു. എന്നിട്ട് അവിടുന്ന് പറഞ്ഞു: "അല്ലാഹുവേ, നീ സാക്ഷിയാകുന്നു. അല്ലാഹുവേ, നീ സാക്ഷിയാകുന്നു" (ഇത് മൂന്നു പ്രാവശ്യം പറഞ്ഞു) (ബുഖാരി).


ഒരാളുടെ രക്തം അന്യായമായി ചിന്തുന്നതും സമ്പത്ത് നശിപ്പിക്കലും അത് ദുരുപയോഗപ്പെടുത്തലും കടുത്ത പാപമാണെന്നതാണ് നബി(സ്വ) ഇതിലൂടെ അറിയിക്കുന്നത്. മറ്റൊരു റിപ്പോർട്ടിൽ 'നിങ്ങളുടെ അഭിമാനത്തെയും കാത്തുകൊള്ളണം' എന്ന് പറഞ്ഞതായി കാണാം.

ജാഹിലിയ്യകാലത്ത് നടമാടിയിരുന്ന പല ചൂഷണത്തിന്റെയും അക്രമത്തിന്റെയും അധർമത്തിന്റെയും നടപടി ക്രമങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് നബി(സ്വ) പറഞ്ഞു: 'ജാഹിലിയ്യത്തിലെ മുഴുവൻ കാര്യങ്ങളും കുഴിച്ചുമൂടിയിരിക്കുന്നു.' അത്തരം കാര്യങ്ങൾ വിശ്വാസികളിൽ ഉണ്ടായിക്കൂടാ എന്നർഥം.

**ജാഹിലിയ്യ കാലത്തെ വലിയ ഒരു അക്രമമായിരുന്നുവല്ലോ കൊലപാതകം. കാരണത്തിനും കാരണമില്ലാതെയും മനുഷ്യരെ കൊന്നുകളയുക എന്നത് സർവസാധാരണയായിരുന്നു. അന്ന് ചെയ്ത കൊലപാതകത്തിന്റെ പേരിൽ ഇനി ആരും പ്രതികാരം ചെയ്തുകൂടാ, എല്ലാവരും എല്ലാവർക്കും മാപ്പു നൽകണം! ആദ്യമായി നബി(സ്വ) തന്റെ കുടുംബത്തിലെ റബീഅയുമായി ബന്ധപ്പെട്ട രക്തച്ചൊരിച്ചിലിന് ആരും പ്രതികാരം വീട്ടുകയില്ലെന്നു പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ പേരിൽ അന്ന് രക്തച്ചൊരിച്ചിൽ നടന്നിരുന്നു.**

ജാഹിലിയ്യ കാലത്തെ വലിയ ഒരു അക്രമമായിരുന്നുവല്ലോ കൊലപാതകം. കാരണത്തിനും കാരണമില്ലാതെയും മനുഷ്യരെ കൊന്നുകളയുക എന്നത് സർവസാധാരണയായിരുന്നു. അന്ന് ചെയ്ത കൊലപാതകത്തിന്റെ പേരിൽ ഇനി ആരും പ്രതികാരം ചെയ്തുകൂടാ, എല്ലാവരും എല്ലാവർക്കും മാപ്പുനൽകണം! ആദ്യമായി നബി(സ്വ) തന്റെ കുടുംബത്തിലെ റബീഅയുമായി ബന്ധപ്പെട്ട രക്തച്ചൊരിച്ചിലിന് ആരും പ്രതികാരം വീട്ടുകയില്ലെന്നു പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ പേരിൽ അന്ന് രക്തച്ചൊരിച്ചിൽ നടന്നിരുന്നു.

പലിശയെ സംബന്ധിച്ചും അവിടുത്തെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. അതിന്റെ സാരം ഇതാണ്: 'പലിശയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ഇടപാടുകളും ഇവിടെ അവസാനിപ്പിച്ചിരിക്കുന്നു. ഓരോരുത്തർക്കും അവരുടെ മൂലധനത്തിന് മാത്രമാണ് അവകാശമുള്ളത്. നിങ്ങൾ മറ്റുള്ളവരെ ദ്രോഹിക്കാനും നിങ്ങളെ മറ്റുള്ളവർ ദ്രോഹിക്കാനും പാടുള്ളതല്ല. പലിശ ഇതിന് ഇടയാക്കുന്ന പ്രധാന ഇടപാടാണ്. അതിനാൽ അല്ലാഹു പലിശ പാടില്ലെന്ന് വിധിച്ചിരിക്കുന്നു. ജാഹിലിയ്യാ കാലത്തെ വല്ല കുടിശ്ശികയും പലിശയിടപാടിൽ ബാക്കിയായി നിലനിൽക്കുന്നുണ്ടെങ്കിൽ അതെല്ലാം ഒഴിവാക്കേണ്ടതാണ്. കിട്ടാനു



ള്ളത് മാപ്പ് നൽകേണ്ടതാണ്. ആദ്യമായി ഞങ്ങളുടെ കുടുംബത്തിലെ അബ്ബാസ്(റ) എന്നവരുടെ പലിശയിടപാട് ഇവിടെ അവസാനിപ്പിച്ചതായി പ്രഖ്യാപിക്കുന്നു. അദ്ദേഹത്തിന് ആരെങ്കിലും പലിശയിനത്തിൽ നൽകാൻ വല്ലതും ബാക്കിയുണ്ടെങ്കിൽ നൽകരുത്. ആ ഇടപാട് മുഴുവനും അവസാനിപ്പിച്ചിരിക്കുന്നു.'

സ്ത്രീകളുടെ കാര്യത്തിലും നബി(സ്വ) കൃത്യമായ ഉപദേശനിർദേശങ്ങൾ നൽകി. ഭാര്യക്ക് ഭർത്താവിനോടുള്ള കടമകളും ഭർത്താവിൽനിന്ന് ലഭിക്കേണ്ട അവകാശങ്ങളും ഭർത്താവിന്റെ കടമകളുമെല്ലാം വിശദമാക്കി.

അല്ലാഹുവിന്റെ കിതാബായ ക്വുർആനും നബി(സ്വ)യുടെ ചര്യയും മുറുകെപിടിച്ച് ജീവിക്കേണ്ടതിന്റെ അനിവാര്യതയും ബോധ്യപ്പെടുത്തി. അവ ദിവ്യബോധനത്തിലൂടെ ലഭിച്ചതാണ്. മതത്തിലെ അടിസ്ഥാന പ്രമാണങ്ങളാണ് ക്വുർആനും സുന്നത്തും. മതകാര്യത്തിൽ തീർപ്പുകൽപിക്കേണ്ടത് ദിവ്യബോധനം വഴി ലഭിച്ച ഈ പ്രമാണങ്ങളിൽനിന്നാണ്.

പരലോകത്തുവെച്ച് അല്ലാഹു എന്നെ സംബന്ധിച്ച് നിങ്ങളോട് ചോദിച്ചാൽ നിങ്ങൾ എന്താണ് മറുപടി പറയുക എന്ന് നബി(സ്വ) ചോദിച്ചു. താങ്കൾ ഞങ്ങൾക്ക് ഈ സന്ദേശം എത്തിച്ചു നൽകിയതിനും താങ്കളെ അല്ലാഹു ഏൽപിച്ച ഉത്തരവാദിത്തം നിർവഹിച്ചു എന്നതിനും ഞങ്ങൾ സാക്ഷിയാണെന്നും അവർ പ്രഖ്യാപിച്ചു. നബി(സ്വ) സംതൃപ്തിയോടെ മൂന്ന് പ്രാവശ്യം ഇപ്രകാരം പ്രഖ്യാപിച്ചു: അല്ലാഹുവേ നീ സാക്ഷിയാണ്.

അവിടുന്ന് പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതാകുന്നു. എന്നിട്ട് അവൻ നിങ്ങളുടെ ചെയ്തികളെ സംബന്ധിച്ച് നിങ്ങളോട് ചോദിക്കുന്നതാണ്. അറിയുക; എനിക്ക് ശേഷം നിങ്ങൾ വഴിപിഴച്ചവരായി, ചിലർ ചിലരുടെ പിരടിവെട്ടി മടങ്ങിപ്പോകരുത്. അറിയുക; (ഇവിടെ) സാക്ഷിയായവൻ സാക്ഷിയാകാത്തവന് (ഇത്) എത്തിച്ചുകൊടുക്കട്ടെ. അപ്പോൾ അത് കേട്ട ചിലർ അത് എത്തിച്ചവനെക്കാൾ നന്നായി ഗ്രഹിക്കുന്നവനായേക്കാം."

പരലോകത്ത് മനുഷ്യരുടെ കർമങ്ങൾ വിചാരണക്ക് വിധേയമാകുമെന്ന് നബി(സ്വ) ഉണർത്തുകയാണ്. അല്ലാഹുവിന്റെ ദീൻ സത്യമായ വഴിയിലൂടെ മനസ്സിലാക്കാനും അറിയുവാനും ഭാഗ്യം ലഭിച്ചശേഷംഅത് ഒഴിവാക്കി വഴികേടിലൂടെ ജീവിച്ച് പരസ്പരം പോരടിക്കുവാൻ പാടില്ലെന്നും, അല്ലാഹു എല്ലാം കാണുകയും കേൾക്കുകയും ചെയ്യു

**പരലോകത്തുവെച്ച് അല്ലാഹു എന്നെ സംബന്ധിച്ച് നിങ്ങളോട് ചോദിച്ചാൽ നിങ്ങൾ എന്താണ് മറുപടി പറയുക എന്ന് നബി(സ്വ) ചോദിച്ചു. താങ്കൾ ഞങ്ങൾക്ക് ഈ സന്ദേശം എത്തിച്ചു നൽകിയതിനും താങ്കളെ അല്ലാഹു ഏൽപിച്ച ഉത്തരവാദിത്തം നിർവഹിച്ചു എന്നതിനും ഞങ്ങൾ സാക്ഷിയാണെന്നും അവർ പ്രഖ്യാപിച്ചു. നബി(സ്വ) സംതൃപ്തിയോടെ മൂന്ന് പ്രാവശ്യം ഇപ്രകാരം പ്രഖ്യാപിച്ചു: അല്ലാഹുവേ നീ സാക്ഷിയാണ്. അവിടുന്ന് പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതാകുന്നു. എന്നിട്ട് അവൻ നിങ്ങളുടെ ചെയ്തികളെ സംബന്ധിച്ച് നിങ്ങളോട് ചോദിക്കുന്നതാണ്. അറിയുക; എനിക്ക് ശേഷം നിങ്ങൾ വഴിപിഴച്ചവരായി, ചിലർ ചിലരുടെ പിരടിവെട്ടി മടങ്ങിപ്പോകരുത്. അറിയുക; (ഇവിടെ) സാക്ഷിയായവൻ സാക്ഷിയാകാത്തവന് (ഇത്) എത്തിച്ചുകൊടുക്കട്ടെ. അപ്പോൾ അത് കേട്ട ചിലർ അത് എത്തിച്ചവനെക്കാൾ നന്നായി ഗ്രഹിക്കുന്നവനായേക്കാം.''**

ന്നുണ്ടെന്നും അവൻ എല്ലാ കാര്യത്തെ സംബന്ധിച്ചും നിങ്ങളോട് ചോദിക്കുന്നതാണെന്നും, അതിനാൽ ഈ മാർഗത്തിൽ സത്യസന്ധരായി നിലകൊള്ളുവാനും ഈ സത്യം എത്താത്തവരിലേക്ക് എത്തിച്ച് ബാധ്യത നിർവഹിക്കുവാനും അവിടുന്ന് കൽപിക്കുന്നു.

"അറിയുക; ആരുടെയെങ്കിലും പക്കൽ വല്ല അമാനത്തും ഉണ്ടെങ്കിൽ അത് വിശ്വസിച്ചേൽപിച്ചവന് തിരിച്ച് നൽകുകയും ചെയ്യേണ്ടതാണ്."

നമ്മെ ഒരാൾ എന്ത് വിശ്വസിച്ചേൽപിച്ചോ അതാണ് അമാനത്ത്. അത് അയാൾക്ക് തിരിച്ച് നൽകേണ്ടതാണ്. അമാനത്തിന്റെ പ്രാധാന്യം ക്വുർആൻ വളരെ ഗൗരവത്തോടെയാണ് ഉണർത്തിയിട്ടുള്ളത്. അത് ലംഘിക്കപ്പെടുന്ന അവസ്ഥ വരുമ്പോൾ അന്ത്യദിനം സംഭവിക്കുമെന്ന് നബി(സ്വ) നമ്മെ ഉണർത്തിയതായി കാണാം.

"തീർച്ചയായും പിശാച്; നിങ്ങളുടെ നാട്ടിൽ അവൻ ആരാധിക്കപ്പെടുന്ന കാര്യത്തിൽ നിരാശയിലാണ്. പക്ഷേ, അതല്ലാത്ത കാര്യത്തിൽ അവൻ അനുസരിക്കപ്പെടുന്നതിൽ അവൻ തൃപ്തനുമാണ്. അവൻ നിങ്ങളുടെ പ്രവർത്തനങ്ങളെ നിസ്സാരമായി കാണുന്നതിലൂടെയാണ് (അത് സംഭവിക്കുക). അതിനാൽ നിങ്ങൾ കരുതിയിരിക്കുവീൻ" (ഹാകിം).

പവിത്രമായ ഈ നാട്ടിൽ പിശാചിനെ പൂജിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്ന ഒരു സമൂഹം ഇനി ഉണ്ടാകുന്ന കാര്യത്തിൽ പിശാച് നിരാശയിലാണ്. എന്നാൽ അവന്റെ പ്രവർത്തനങ്ങൾ അവസാനിച്ചു എന്ന് നാം വിചാരിക്കരുത്. മതപരമായ പല കാര്യങ്ങളെയും നാം നിസ്സാരമായി കാണുന്നുവെങ്കിൽ അത് അവനെ അനുസരിക്കുന്നതിലൂടെയാണ് സംഭവിക്കുന്നത്. ആ രൂപത്തിൽ നിങ്ങൾ അവനെ അനുസരിക്കുന്നതിനെ തൊട്ട് അവൻ തൃപ്തനുമാകുന്നു. അതിനാൽ അവന്റെ ദുർബോധനത്തെ കരുതിയിരിക്കുക തന്നെ വേണം.

നബി(സ്വ) അവിടുത്തെ വിടവാങ്ങൽ പ്രസംഗത്തിലൂടെ ലോകത്തിന് സംഭാവനയായി ഇതുപോലെ ധാരാളം സന്ദേശങ്ങൾ കൈമാറി.

**പവിത്രമായ ഈ നാട്ടിൽ പിശാചിനെ പൂജിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്ന ഒരു സമൂഹം ഇനി ഉണ്ടാകുന്ന കാര്യത്തിൽ പിശാച് നിരാശയിലാണ്. എന്നാൽ അവന്റെ പ്രവർത്തനങ്ങൾ അവസാനിച്ചു എന്ന് നാം വിചാരിക്കരുത്. മതപരമായ പല കാര്യങ്ങളെയും നാം നിസ്സാരമായി കാണുന്നുവെങ്കിൽ അത് അവനെ അനുസരിക്കുന്നതിലൂടെയാണ് സംഭവിക്കുന്നത്. ആ രൂപത്തിൽ നിങ്ങൾ അവനെ അനുസരിക്കുന്നതിനെ തൊട്ട് അവൻ തൃപ്തനുമാകുന്നു. അതിനാൽ അവന്റെ ദുർബോധനത്തെ കരുതിയിരിക്കുക തന്നെ വേണം.**



ഹജ്ജ് നിർവഹിച്ചതിനുശേഷം നബി(സ്വ) മദീനയിലേക്ക് മടങ്ങി. കഅ്ബ നിലകൊള്ളുന്ന മക്കയിൽ താമസിക്കാതെ നബി (സ്വ) മദീനയിലേക്കുതന്നെ മടങ്ങിയത് മക്കയെക്കാൾ മദീനക്കുള്ള സ്ഥാനം കൊണ്ടായിരുന്നു എന്ന് ചില വിവരമില്ലാത്തവർ ഇന്ന് വാദിക്കുന്നുണ്ട്. ഇത് പൂർവികർക്ക് പരിചയമില്ലാത്ത വാദമാണ്. നബി(സ്വ) പറഞ്ഞിട്ടുണ്ട്: "അവസാനകാലത്ത് നിങ്ങൾക്കോ നിങ്ങളുടെ പൂർവപിതാക്കൾക്കോ പരിചയമില്ലാത്ത പുതിയ വാദങ്ങളുമായി കുറെ വ്യാജന്മാർ വരുന്നതാണ്. അവരെ സൂക്ഷിക്കണം.'' നബി(സ്വ) പറഞ്ഞത് സത്യമായി പുലരുന്നതാണ് നാം കാണുന്നത്.



തുല്യതയില്ലാത്ത വിടവാങ്ങൽ പ്രസംഗം. ശേഷം അവിടുന്ന് തന്റെ ക്വസ്വാഅ് എന്ന ഒട്ടകപ്പുറത്തുനിന്നും ഇറങ്ങി. ദുഹ്റും അസ്റും ജംഉം ക്വസ്റുമായി നമസ്കരിച്ചു. ഇന്നും ഹാജിമാർ അറഫയിൽ അപ്രകാരം ദുഹ്റും അസ്റും ജംഉം ക്വസ്റുമായി നമസ്കരിക്കുന്നു.

അവിടെ വെച്ച് അല്ലാഹു ഒരു വചനം ഇറക്കുകയും ചെയ്തു: "...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു'' (5:3).

ദുൽഹിജ്ജ ഒമ്പതിന് അറഫയിൽവെച്ചാണ് ഈ വചനം ഇറങ്ങുന്നത്. മതത്തിന്റെ അടിസ്ഥാനകാര്യങ്ങളെല്ലാം അന്നത്തോടെ അവസാനിച്ചു. വിശ്വാസ-ആചാര-അനുഷ്ഠാന കാര്യങ്ങൾ മുഴുവനും അന്നത്തോടെ പൂർണമായി.

അല്ലാഹുവിന്റെ മതം പൂർണമാണ്. അതിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും അല്ലാഹുതന്നെയാണ് പഠിപ്പിച്ചത്. അതിലേക്ക് ഇനി ഒന്നും ചേർക്കുവാനോ, അതിൽനിന്ന് വല്ലതും ഒഴിവാക്കുവാനോ ഒരാൾക്കും അവകാശമില്ല. അത് അല്ലാഹുവിന്റെ അനുഗ്രഹമായിട്ടാണ് അല്ലാഹു നമുക്ക് നൽകിയത്.

ഹജ്ജിന്റെ ഓരോ അനുഷ്ഠാനങ്ങളും നിർവഹിച്ചു കൊണ്ടിരിക്കുന്ന സമയത്ത് അവിടുന്ന് ഇപ്രകാരം പറയുന്നുമുണ്ടായിരുന്നു:

ജാബിറി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറയുന്നു: "അറവ് ദിനത്തിൽ (ദുൽഹിജ്ജ പത്തിന്) നബി(സ്വ) അവിടുത്തെ വാഹനത്തിൽ ഇരുന്ന് എറിഞ്ഞുകൊണ്ട് (ഇപ്രകാരം) പറയുന്നുണ്ടായിരുന്നു: 'നിങ്ങൾ നിങ്ങളുടെ ഹജ്ജിന്റെ കർമങ്ങൾ (എന്നിൽനിന്നും) സ്വീകരിക്കുക. കാരണം, എന്റെ ഈ ഹജ്ജിന് ശേഷം ഞാൻ ഇനി ഹജ്ജ് ചെയ്തേക്കുമോ എന്ന് എനിക്ക് അറിയുകയില്ല'' (മുസ്‌ലിം).

മുകൾ കൊടുത്ത ആയത്തും നബി(സ്വ)യുടെ ഈ അറിയിപ്പും വന്നതോടെ അബൂബക്ർ(റ) കരയാൻ തുടങ്ങി. സ്വഹാബിമാർ ഓരോരുത്തരും കരയുകയാണ്. എല്ലാവർക്കും അവയുടെ പൊരുൾ മനസ്സിലായി. നബി(സ്വ)യുടെ വിടപറയലിലേക്കുള്ള സൂചനയാണല്ലോ അത്. സ്വഹാബിമാർ ഓരോരുത്തരും നബി(സ്വ)യുടെ കൂടെ ഓരോ കർമവും മത്സരത്തോടെ ചെയ്യുന്നുണ്ട്. നബി(സ്വ) എല്ലാ കാര്യങ്ങളും വൃത്തിയായി ആ ജനതയെ പഠിപ്പിച്ചു. എറിയാനുള്ള കല്ല് കൊണ്ടുവന്നപ്പോൾ നബി(സ്വ) പല കല്ലുകളും ഒഴിവാക്കി. എന്നിട്ട് ഏകദേശം ഒരു കടലമണിയോളം വലിപ്പത്തിലുള്ള കല്ലുകൾ കാണിച്ചുകൊടുത്തു. ഇതു മതി എറിയാൻ എന്ന് അവിടുന്ന് പറയുകയും ചെയ്തു. സമ്പൂർണമായ രൂപത്തിൽ അവിടുന്ന് മിനായിൽ താമസിച്ചു. ദുൽഹിജ്ജ 11,12 ദിവസങ്ങളിൽ വേണമെങ്കിൽ തിരിച്ചുപോരാം. എന്നാൽ ദുൽഹിജ്ജ 13നും അവിടെ താമസിച്ച് പരിപൂർണമായ എല്ലാ കാര്യങ്ങളും അവരെ പഠിപ്പിച്ചു.

ഓരോ സന്ദർഭത്തിലും സ്വഹാബിമാർ നബി(സ്വ)യോട് ഓരോ സംശയം ചോദിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. നബി (സ്വ) അതിനെല്ലാം മറുപടിയും നൽകുന്നുണ്ടായിരുന്നു. ആ കൂട്ടത്തിൽ നബി(സ്വ) മിനായിൽ വെച്ച് പ്രസംഗിച്ചപ്പോൾ പ്രത്യേകമായി പറഞ്ഞു:

ജരീറി(റ)ൽനിന്ന് നിവേദനം; ഹജ്ജതുൽ വദാഇൽ അദ്ദേഹത്തോട് നബി(സ്വ) പറഞ്ഞു: "ജനങ്ങളോട് നിശ്ശബ്ദരാകാൻ പറയൂ.'' എന്നിട്ട് അവിടുന്ന് പറഞ്ഞു: "എനിക്കുശേഷം നിങ്ങൾ പരസ്പരം കൊല നടത്തി അവിശ്വാസികളായി മടങ്ങരുത്'' (ബുഖാരി).

ഹജ്ജ് നിർവഹിച്ചതിനുശേഷം നബി(സ്വ) മദീനയിലേക്ക് മടങ്ങി. കഅ്ബ നിലകൊള്ളുന്ന മക്കയിൽ താമസിക്കാതെ നബി (സ്വ) മദീനയിലേക്കുതന്നെ മടങ്ങിയത് മക്കയെക്കാൾ മദീനക്കുള്ള സ്ഥാനംകൊണ്ടായിരുന്നു എന്ന് ചില വിവരമില്ലാത്തവർ ഇന്ന് വാദിക്കുന്നുണ്ട്. ഇത് പൂർവികർക്ക് പരിചയമില്ലാത്ത വാദമാണ്. നബി(സ്വ) പറഞ്ഞിട്ടുണ്ട്: "അവസാനകാലത്ത് നിങ്ങൾക്കോ നിങ്ങളുടെ പൂർവപിതാക്കൾക്കോ പരിചയമില്ലാത്ത പുതിയ വാദങ്ങളുമായി കുറെ വ്യാജന്മാർ വരുന്നതാണ്. അവരെ സൂക്ഷിക്കണം.'' നബി(സ്വ) പറഞ്ഞത് സത്യമായി പുലരുന്നതാണ് നാം കാണുന്നത്. ***(തുടരും)***




# വിദ്യാർഥിത്വം അക്രമമല്ല; ക്രിയാത്മകമാണ്

നബീൽ പയ്യോളി
:+966 55 771 0981

പോയവാരത്തിൽ രാജ്യശ്രദ്ധനേടിയ ഒരു ഇടപെടൽ കേരളത്തിലെ 'പുരോഗമന' വിദ്യാർഥി പ്രസ്ഥാനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായി. പ്രതിപക്ഷ നിരയിലെ മുന്നണി പോരാളിയും കോൺഗ്രസ് നേതാവും വയനാട് എം.പിയുമായ രാഹുൽ ഗാന്ധിയുടെ ഓഫീസ് തല്ലിത്തകർത്തതാണ് ആ സംഭവം. വിവേകമുള്ളവർ ഒരേസ്വരത്തിൽ ആ അവിവേകത്തെ തള്ളിപ്പറയുകയും ചെയ്തു. അത് അപക്വവും അനാവശ്യവുമാണെന്ന് ഇടതു നേതാക്കൾക്കുതന്നെ പറയേണ്ടിവന്നു. അദ്ദേഹത്തെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ദിവസങ്ങളോളം ചോദ്യം ചെയ്തതിന്റെ വാർത്തകൾ സ്ക്രീനിൽനിന്നും മായും മുൻപാണ് ഈ അക്രമസംഭവം അരങ്ങേറുന്നത്. കേരളത്തിൽ ഇരുചേരികളിലായി നിലനിൽക്കുമ്പോഴും രാജ്യത്ത് ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിൽ ഒരുചേരിയാണ് കോൺഗ്രസ്സും ഇടതുപക്ഷവും. രാഷ്ട്രപതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അഗ്നിപഥ് വിവാദം, മഹാരാഷ്ട്രസർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ, ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ, പ്രതിപക്ഷ നേതൃത്വത്തെ കേന്ദ്ര ഏജൻസികൾ വേട്ടയാടുന്ന സാഹചര്യം... അങ്ങനെ ഫാസിസ്റ്റ് ഭരണകൂടം രാജ്യത്തെ ജനാധിപത്യത്തെ ബുൾഡോസ് ചെയ്യുന്ന സാഹചര്യത്തിൽ അതിനെതിരെ പ്രതിപക്ഷനിര ഒറ്റക്കെട്ടായി നീങ്ങുമ്പോഴാണ് അതിന്റെ മുന്നണിയിലുള്ള നേതാവിന്റെ ഓഫീസ് ആക്രമിച്ച് സംഘപരിവാറിനെ സന്തോഷിപ്പിക്കുകയും പ്രതിപക്ഷത്തെ പ്രതിസന്ധിയിലാക്കുകയും ചെയ്ത സംഭവം അരങ്ങേറുന്നത്. രാജ്യം ശ്രദ്ധിച്ച ഈ അപക്വതയെ സിപിഎം കേന്ദ്ര നേതൃത്വം തന്നെ തള്ളിക്കളഞ്ഞതും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ സംസ്ഥാന നേതൃത്വത്തിന് നിർദേശം നൽകിയതും ഈ പശ്ചാത്തലത്തിലാണ്. കേരളം എന്ന സാക്ഷര സമ്പന്നമായ നാട്ടിൽനിന്ന്, ജനാധിപത്യത്തിന് മാതൃകാപരമായ സംഭാവനകളും നേതൃത്വവും നൽകുന്ന, ഫാസിസ്റ്റ് അജണ്ടകൾക്ക് ഇടം നൽകാത്ത മണ്ണിൽനിന്ന് ഇത്തരമൊരു അവിവേകം സംഭവിച്ചതാണ് ജനാധിപത്യവിശ്വാസികളെ ഞെട്ടിച്ചത്. രാജ്യത്ത് ഫാസിസ്റ്റ് കക്ഷികൾ നടപ്പിലാക്കുന്ന നീചകൃത്യങ്ങളെക്കുറിച്ചും അതിനെതിരെ പോരാടുന്ന പ്രതിപക്ഷനിരയെക്കുറിച്ചും ഒന്നുമറിയാത്തവരാണ് ഈ സമരം ആസൂത്രണം ചെയ്തത് എന്ന് കരുതേണ്ടിയിരിക്കുന്നു. വിവരവും ബോധവുമുണ്ടെങ്കിൽ ഇത്തരം ഒരു അവിവേകത്തിന് അവർ മുതിരില്ലായിരുന്നു.

വിദ്യാർഥികൾ പ്രതികരിക്കേണ്ടവരും അഭിപ്രായങ്ങൾ അറിയിക്കേണ്ടവരുമാണ് എന്ന കാര്യത്തിൽ പക്ഷാന്തരമില്ല. എന്നാൽ വിഷയം പഠിച്ച് അതിലെ വസ്തുതകൾ മനസ്സിലാക്കിയാവണം പ്രതികരണങ്ങൾ. ബഫർ സോൺ കേരളത്തിലെ മലയോര മേഖലയിലെ വലിയൊരു വിഭാഗം ജനങ്ങളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. ജീവനോപാധിയും കിടപ്പാടവുമൊക്കെ നഷ്ടപ്പെടുത്തുന്ന പ്രധാനപ്പെട്ട വിഷയം തന്നെ. ഈ വിഷയത്തിൽ ഇടപെടൽ നടത്തേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ്. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിലാണ് ഇപ്പോഴുണ്ടായ പ്രശ്നങ്ങൾ. ജൂൺ മൂന്നിനാണ് വനത്തിന് ചുറ്റും ജനവാസമേഖലയടക്കം ഒരു കിലോമീറ്റർ ചുറ്റളവ് പരിസ്ഥിതി ലോല മേഖലയായി വിജ്ഞാപനം ചെയ്യണം എന്ന സുപ്രീംകോടതി ഉത്തരവുണ്ടായത്. വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോലമേഖലയാക്കണമെന്നും, ഇവിടങ്ങളിലെ ഖനനനിർമാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്നുമാണ് സുപ്രീം കോടതി വിധി. തമിഴ്നാട്ടിലെ നീലഗിരി വനങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ചുള്ള ഹർജി പരിഗണിക്കവെയാണ് മൂന്നംഗ ബെഞ്ചിന്റെ ഉത്തരവ്. നിലവിൽ ഇസെഡ് മേഖലകളിൽ നിലനിൽക്കുന്ന കെട്ടിടങ്ങളെക്കുറിച്ചും നിർമിതികളെക്കുറിച്ചും സർവേ നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും വനംവകുപ്പ് അധികൃതർക്ക് കോടതി നിർദേശം നൽ കിയിരുന്നു. വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ ദൂരം ബഫർ സോൺ ആക്കണമെന്ന് 2019 ഒക്ടോബർ 23ന് സംസ്ഥാന മന്ത്രിസഭ ശുപാർശ ചെയ്തിരുന്നു. 'സംസ്ഥാനത്ത് പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത വനമേഖലകളോടും ദേശീയ ഉദ്യാനങ്ങളോടും ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്ര

ങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർവരെ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദേശങ്ങളിൽ മാറ്റം വരുത്താൻ സംസ്ഥാന മന്ത്രിസഭ തത്ത്വത്തിൽ അംഗീകാരം നൽകിയതാണ്. സത്യത്തിൽ വിഷയത്തിന്റെ വസ്തുതകൾ മനസ്സിലാക്കാതെ സമരം ചെയ്തത് സംസ്ഥാന സർക്കാരിനെയും വെട്ടിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് തന്നെയാണ് പാർട്ടിയും മുന്നണിയും ഈ വിഷയത്തിൽ ഞെട്ടൽ രേഖപ്പെടുത്തിയതും നേതൃത്വത്തെ അതൃപ്തി അറിയിച്ചതും. ഏത് വിഷയത്തിലും നിലപാട് സ്വീകരിക്കുമ്പോൾ അതിനെക്കുറിച്ചുള്ള പ്രാഥമിക അറിവെങ്കിലും ശേഖരിക്കാനുള്ള വിവേകം വിദ്യാർഥി സംഘടനകൾക്കെന്നല്ല എല്ലാവർക്കും ഉണ്ടാവണം.

അക്രമവും നശീകരണവുമല്ല നിർമാണാത്മകമായ ഇടപെടലുകളാണ് ലോകം ഇന്ന് ആവശ്യപ്പെടു ന്നത്. ആരുടെയെങ്കിലും എന്തെങ്കിലും നശിപ്പിക്കുന്നതിലൂടെ കിട്ടുന്ന ആനന്ദം മനസിക രോഗമാണ്. അതൊരിക്കലും പ്രതികാരത്തിന്റെയോ ജനാധിപത്യ ഇടപെടലിന്റെയോ മാർഗമല്ല, പുരോഗമന സമൂഹ ത്തിന് ചേർന്നതുമല്ല. അക്രമ സമരങ്ങൾ പൊടുന്നനെ ഉണ്ടായി എന്ന വ്യാഖ്യാനം ജനങ്ങളെ വിഡ്ഢിക ളാക്കലാണ്. കാലങ്ങളായി തുടർന്നുവരുന്ന അക്രമസമരങ്ങളുടെ തുടർച്ചയാണ് വയനാട്ടിൽ അരങ്ങേ റിയത്. തുടർന്നും ഭരണ-പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഉത്തരവാദപ്പെട്ടവരും വെല്ലുവിളികൾ നടത്തി അണികളെ വികാരഭരിതരാക്കാനും അക്രമങ്ങൾക്ക് പ്രേരണ നൽകാനുമാണ് ശ്രമിക്കുന്നത് എന്നത് തീർത്തും തെറ്റായ പ്രവണതയാണ്.

ഓരോ വ്യക്തിയും സർവത്ര സ്വതന്ത്രനാണെന്നും അയാൾക്ക് തോന്നുന്നതെല്ലാം ചെയ്യാമെന്നും അതിന് സമൂഹം വിഘാതം നിൽക്കുന്നത് പൗരസ്വാതന്ത്ര്യത്തിന്

> **വിദ്യാർഥിലോകത്ത് വിദ്യാഭ്യാസ ബന്ധിതവും സംസ്കാര സമ്പന്നവുമായ ആശയസംവാദങ്ങളും ചർച്ചകളും പ്രവർത്തന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി പുതുതലമുറയെ ക്രിയാത്മകമാക്കി മാറ്റാനുള്ള വിവേകവും പക്വതയും വിദ്യാർഥി സംഘടനകളുടെ ഭാഗത്തുനിന്ന് ഉണ്ടാവണം.**

നേരെയുള്ള വെല്ലുവിളിയാണെന്നുമൊക്കെയാണ് പുരോഗമനനാട്യക്കാരുടെ തത്ത്വശാസ്ത്രം. നാസ്തികത, യുക്തിവാദം, സ്വതന്ത്രവാദം തുടങ്ങിയ ലേബലൊട്ടിച്ച് സർവ തിന്മകൾക്കും മണ്ണൊരുക്കുകയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. സ്വന്തത്തോടും സമൂഹത്തോടും കുടുംബത്തോടും അടക്കം സമൂഹത്തിന്റെ നിലനിൽപിന് ആവശ്യമായ ബാധ്യതകൾ നിർവഹിക്കുമ്പോൾ മാത്രമാണ് സാമൂഹിക ജീവിതം ക്രിയാത്മകമാവുന്നത്.

പുരോഗമനം എന്നത് തോന്നിവാസങ്ങളുടെ കുത്തൊഴുക്കല്ല; മറിച്ച് ശാന്തിയും സമാധാനവും നിലനിൽക്കുന്നതിലൂടെ ഉണ്ടാവുന്ന വ്യക്തി, കുടുംബ, സമൂഹ ഇടങ്ങളിൽ ഉണ്ടാവുന്ന പോസിറ്റിവായ വളർച്ചയാണ്. അതിന് സംസ്കാരവും വിദ്യയും അനിവാര്യവുമാണ്. സമാധാനപരമായ അന്തരീക്ഷത്തിൽ മാത്രമെ വളർച്ചയും പുരോഗതിയും ഉണ്ടാവുകയും നിലനിൽക്കുകയും ചെയ്യുകയുള്ളൂ, തല്ലിത്തകർക്കലും അക്രമവും ഒരു രീതിയിലും സ്വന്തത്തിന്റെയോ നാട്ടിന്റെയോ പുരോഗതിക്ക് സഹായകമാവില്ല. സാമൂഹ്യ മാധ്യമങ്ങളുടെ നിരീക്ഷണ വലയത്തിൽ ജീവിക്കുന്ന ആധുനിക ലോകത്ത് കള്ളങ്ങളും കബളിപ്പിക്കലും കൈകഴുകലും സാധ്യമല്ല. സംസാരിക്കുന്ന തെളിവുകൾക്ക് മുൻപിൽ അത്തരം ന്യായങ്ങൾ നിലനിൽക്കു കയില്ലെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. മതവിരുദ്ധതയും ധാർമികവിരുദ്ധതയും അല്ല പുരോഗമന പ്രവർത്തനം, മറിച്ച് നല്ല സമൂഹസൃഷ്ടിക്ക്, സംസ്കാര സമ്പന്നമായ തലമുറക്ക് വഴിതെളിക്കലാണ്. വിദ്യാർഥിസമൂഹത്തെ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്ന, സ്വന്തത്തോടും കുടുംബത്തോടും സമൂഹത്തോടും നാടിനോടും കടപ്പാടുള്ളവരാക്കി മാറ്റിയെടുക്കുകയെന്നതാണ് ആധുനിക കാലം ആവശ്യപ്പെടുന്നത്.

പേന പിടിക്കേണ്ട കൈകളിൽ ആയുധവും എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യത്തിന്റെ കൊടിയും നൽകുന്നവരല്ല പുരോഗമന സമൂഹ സൃഷ്ടിപ്പിന് മണ്ണൊരുക്കുന്നവർ; മറിച്ച് വിദ്യയാണ് ഏറ്റവും വലിയ ആയുധമെന്നു മനസ്സിലാക്കുകയും ഉപകാരപ്രദമായ വിദ്യ അഭ്യസിക്കുകയും അതിൽ മികവ് പുലർത്തുകയും അതിന്റെ ഗുണം സമൂഹത്തിനു പകർന്നുനൽകലുമാണ്. വിദ്യാഭ്യാസവും സംസ്കാരവുമുള്ള സമൂഹത്തിന് മാത്രമെ നിലനിപ്പും പുരോഗതിയും സാധ്യമാവുകയുള്ളൂ. കേരളത്തിന്റെ എക്സൈസ് മന്ത്രി ഇക്കഴിഞ്ഞ ദിവസം നടത്തിയ പ്രസംഗത്തിൽ കേരളത്തിലെ യുവജന വിദ്യാർഥി സംഘടനകളിലെ വലിയൊരു വിഭാഗം ലഹരി ഉപയോഗിക്കുന്നവരാണ് എന്ന് പറയുകയുണ്ടായി. ലഹരി നിർമാർജനത്തിന് വിദ്യാർഥി-യുവജന സംഘടനകളെ ആശ്രയിക്കാൻ സാധിക്കാത്ത വിധം അവർക്കിടയിൽ ലഹരി ഉപയോഗം വ്യാപകമാണെന്ന് ഒരു മന്ത്രിക്ക് തുറന്നുപറയേണ്ടതിലേക്ക് കാര്യങ്ങളെ കൊണ്ടെത്തി ച്ചതിൽ സർവസ്വാതന്ത്ര്യത്തിന്റെ വക്താക്കൾക്ക് വലിയ പങ്കുണ്ടെന്നതുകൂടി നാം തിരിച്ചറിയണം.

വിദ്യാർഥിലോകത്ത് വിദ്യാഭ്യാസ ബന്ധിതവും സംസ്കാര സമ്പന്നവുമായ ആശയസംവാദങ്ങളും ചർച്ചകളും പ്രവർത്തന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി പുതുതലമുറയെ ക്രിയാത്മമാക്കി മാറ്റാനുള്ള വിവേകവും പക്വതയും വിദ്യാർഥി സംഘടനകളുടെ ഭാഗത്തുനിന്ന് ഉണ്ടാവണം. ■

നമ്മുടെ രാജ്യത്തെ കോടതികൾ 2

# സുപ്രീംകോടതി


**അബൂഅയ്യൂൻ**

ഇന്ത്യൻ സുപ്രീംകോടതി രാജ്യത്തെ പരമോന്നത നീതിന്യായക്കോടതിയാണ്. ഇന്ത്യയുടെ ചീഫ് ജസ്റ്റിസും പാർലമെന്റ് നിർദേശിക്കുന്ന അത്ര ജഡ്ജിമാരും അടങ്ങുന്ന ഒരു സുപ്രീംകോടതി രാജ്യത്ത് ഉണ്ടായിരിക്കണമെന്ന് ഇന്ത്യൻ ഭരണഘടനയുടെ 124ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്രവും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിലോ, ഒരുഭാഗത്ത് കേന്ദ്രവും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും മറുഭാഗത്ത് ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിലോ, രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലോ ഉള്ള തർക്കങ്ങളിൽ തീർപ്പു കൽപിക്കാനുള്ള അസ്സൽ അധികാരം, ഭരണഘടന 131ാം വകുപ്പുപ്രകാരം സുപ്രീംകോടതിക്കു മാത്രമാണുള്ളത്. കൂടാതെ സിവിലും ക്രിമിനലും ഭരണഘടനാ സംബന്ധവുമായുള്ള കേസുകളിൽ ഹൈക്കോടതികളുടെ വിധികളിന്മേലുള്ള അപ്പീലുകൾ കേട്ട് വിധി കൽപിക്കുന്നതിനുള്ള അധികാരവും സുപ്രീംകോടതിക്കുണ്ട്. ക്രിമിനൽ കേസുകളുടെ കാര്യത്തിൽ കീഴ്ക്കോടതി പ്രതിയെ വെറുതെവിട്ട കേസിൽ, ഹൈക്കോടതി അപ്പീലിൽ പ്രതിക്ക് വധശിക്ഷ നൽകു മ്പോഴും, കീഴ്ക്കോടതിയിൽ വിചാരണയിലിരുന്ന കേസ് ഹൈക്കോടതിയിലേക്കു മാറ്റി, ഹൈക്കോടതി കേസ് വിചാരണചെയ്ത് കുറ്റക്കാരനെന്നുകണ്ട് പ്രതിക്ക് വധശിക്ഷ നൽകുമ്പോഴും, കേസ് അപ്പീൽ കൊടുക്കത്തക്കത് എന്ന സർട്ടിഫിക്കറ്റ് ഹൈക്കോടതി നൽകുമ്പോഴും, സുപ്രീം കോടതിയിൽ പ്രസ്തുത കേസുകളിലെ ഹൈക്കോടതി തീരുമാനം ചോദ്യം ചെയ്യപ്പെടാവുന്നതാണ്. രാജ്യത്തെ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ വിധിയിന്മേൽ അപ്പീൽ ബോധിപ്പിക്കുന്നതിന് അനുമതി നിഷേധിക്കപ്പെട്ടാൽ; ഗൗരവമുള്ളതായ നിയമപ്രശ്നങ്ങൾ ഉൾക്കൊക്കുന്ന കേസാണ് അതെങ്കിൽ, പ്രത്യേകാനുമതി (special leave) നൽകിക്കൊണ്ട് ആ അപ്പീൽ സ്വീകരിച്ച് തീർച്ചചെയ്യുക, സ്വന്തം വിധി പുനഃപരിശോധന (review) ചെയ്യുക എന്നിവയും സുപ്രീം കോടതിയുടെ അധികാരങ്ങളിൽ പെടുന്നു. രാജ്യത്തെ നിയമങ്ങളുടെ സാധുത പരിശോധിക്കുകയെന്നത് സുപ്രീം കോടതിയുടെ പരമപ്രധാനമായ ചുമതലയാണ്. പൊതു പ്രാധാന്യമുള്ള, നിയമപരമോ വസ്തുതാപരമോ ആയ പ്രശ്നങ്ങളിൽ രാഷ്ട്രപതിക്ക് ഉപദേശം നൽകുന്നതിനും സുപ്രീം കോടതിക്ക് ചുമതലയുണ്ട്.

സുപ്രീം കോടതിയുടെ വിധികളും നിയമപ്രശ്നങ്ങൾ സംബന്ധിച്ച വ്യാഖ്യാനങ്ങളും രാജ്യത്തെ എല്ലാ കോടതികൾക്കും ബാധകമായിരിക്കുന്നതാണ്. സുപ്രീംകോടിതി ഒരു കോർട്ട് ഓഫ് റിക്കോർഡ് (court of record) ആണ്. ഈ കോടതിയുടെ നടപടികളും വിധികളും ഓർമയ്ക്കും തെളിവിനുമായി എഴുതി സൂക്ഷിക്കപ്പെടുന്നു. പ്രസ്തുത നടപടികളെയും വിധികളെയും ചോദ്യം ചെയ്യാൻ രാജ്യത്തെ ഒരു കോടതി ക്കും കഴിയുന്നതല്ല. കോർട്ട് ഓഫ് റിക്കോർഡ് എന്ന നിലയിൽ കോടതിയലക്ഷ്യക്കുറ്റത്തിന് ശിക്ഷിക്കാനും സുപ്രീംകോടതിക്ക് അധികാരമുണ്ട്. പൗരന്മാരുടെ മൗലികാവകാശലംഘനങ്ങൾക്കെതിരെ ഉചിതമായ റിട്ട് (writ--ആജ്ഞ) പുറപ്പെടുവിക്കുന്നതിനുള്ള വിശേഷാധികാരം ഭരണഘടന 32ാം വകുപ്പുപ്രകാരം സുപ്രീം കോടതിക്ക് സിദ്ധിച്ചിട്ടുണ്ട്. (ഭരണഘടന 226ാം വകുപ്പ് സംസ്ഥാന ഹൈക്കോടതികൾക്കും ഈ വിശേഷാധികാരം നൽകിയിട്ടുണ്ട്). 'പഞ്ചമഹാ റിട്ടുകൾ' എന്ന് അറിയപ്പെടുന്ന പ്രസ്തുത റിട്ടുകൾ ഇനി പറയുന്നവയാണ്:

### ഹേബിയസ് കോർപസ് (Habeas Corpus):

ആളെ ഹാജരാക്കുക. അന്യായമായോ നീതീകരണമില്ലാതെയോ ബലമായി അധീനതയിലോ തടങ്കലിലോ വച്ചിട്ടുള്ളയാളെ, ഉടൻ മോചിപ്പിച്ച് കോടതി മുമ്പാകെ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉന്നത കോടതി (സുപ്രീം കോടതിയോ ഹൈക്കോടതിയോ) പുറപ്പെടുവിക്കുന്ന ആജ്ഞ (റിട്ട്) ആണിത്. കരുതൽത്തടങ്കൽ നിയമം, ആഭ്യന്തരസുരക്ഷിതത്വനിയമം എന്നിവ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവരാണ് ഹേബിയസ് കോർപസ് റിട്ടിന്റെ ആനുകൂല്യത്തിനായി സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കുന്നത്. *(തുടരും)*






GET IT ON Google Play · Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JULY 02

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM YOUTH

നന്മയുടെ ദൂതൻ

DAILY QUIZ!

JUNE 25 - JULY 30

എല്ലാ ദിവസവും വൈകിട്ട് 6.00 മണിക്ക്



1st Prize LAPTOP
2nd Prize Tablet
3rd Prize Mobile Phone

കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും

ചോദ്യങ്ങൾ Peace Radio വഴിയും
Wisdom Youth ഫെയ്സ്ബുക്ക് പേജിലും
JUNE 25 മുതൽ കേൾക്കാം

peaceradio

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ